ശാസ്ത്രി പ്രസിഡണ്ടിനെ സന്ദർശിച്ചു

[പി. ടി. ഐ.] ന്യൂഡൽഹി ഏപ്രിൽ 26
ലു. മ. ശാസ്ത്രി ഡോ: രാധാകൃഷ്ണനെസന്ദർശിച്ച് കച്ചിലെ കട്ച്ചിത്തെ സംഭവ വികാസങ്ങളെ വിവരിച്ചു കൊടുത്തിരിക്കുന്നു. മന്ത്രിസഭയുടെ എമർജൻസിക്കമ്മറ്റിയും ഇന്നു വൈകുന്നേരം യോഗംചേർന്ന് അതിർത്തിയിലെ സ്ഥിതിഗതികളെപ്പറ്റി വിലയിരുത്തുകയുണ്ടായി.

Reg: No K. 31

തൊഴിലാളി

Founder Father Vadakkan : : Managing Editor B. Wellington B. A.

'തൊഴിലാളി' വാർഷിക നിരക്ക്
വരിസംഖ്യ മുൻകൂർ

	പോസ്റ്റുവഴി	പോസ്റ്റുവഴി
ഒരു കൊല്ലത്തേയ്ക്ക്	27_00	6_00
6 മാസത്തേയ്ക്ക്	13_50	3_00
1 മാസത്തേയ്ക്ക്	2_25	1_50
ഏജൻറുമാർവഴി ഒരു മാസത്തേയ്ക്ക്		
വരിസംഖ്യാപിരിവ് രാഷ്ട്രം		2_10
കറപ്രതി	0_07	0_10

മാനേജർ.

വ്യാപ്തകം 12 | ലക്കം 111 | 1965 ഏപ്രിൽ 27 ചൊവ്വ | തൃശ്ശൂർ | വില 7 പൈസ | പേജ് 4

ജാഗ്രതയായിരിക്കാൻ ഓസന്യത്തിനുത്തരവ്

ലീവെടുത്തവരെ തിരിച്ചുവിളിക്കുന്നു

ബ്യാർബെറാനുനേരെ വീണ്ടും പാക് ആക്രമണം

ഇന്ത്യൻസേന തിരിച്ചടിച്ചു

എന്തുവിലകൊടുത്തും രാഷ്ട്രത്തിന്റെ സ്വാതന്ത്ര്യവും പരമാധികാരവും സംരക്ഷിക്കും—ലോക്സഭയിൽ ചർച്ച

(പി. ടി. ഐ.) ന്യൂഡൽഹി ഏ. 26

സിന്ദ്—കച്ച് അതിർത്തിയിലെ സ്ഥിതിഗതികളുടേയും പാക്കിസ്ഥാന്റെ പൊതുസായുധസേനാ കേന്ദ്രീകരണത്തിന്റേയും വെളിച്ചത്തിൽ, ജാഗ്രതയായിരിക്കുവാൻ ഇന്ത്യൻ പട്ടാളത്തിനു് ഉത്തരവു നൽകിക്കഴിഞ്ഞതായി രാജ്യരക്ഷാമന്ത്രി മി. വൈ. ബി. ചവാൻ ഇന്നു് ലോക്സഭയിൽ പ്രസ്താവിച്ചിരിക്കുന്നു.

സൈനികർക്കു് അവുധി നൽകുന്നതിനെ തടയുന്നതിനും അവുധിക്കുപോയവരെ തിരികെ വിളിക്കുന്നതിനും ഉത്തരവിട്ടിട്ടുണ്ടു്.

നമ്മുടെ ജനതയുടേയും പട്ടാളത്തിന്റേയും ആത്മവീര്യം ഉയർന്നതാണെന്നു് ഘർഷാരവങ്ങൾക്കിടയിൽ രാജ്യരക്ഷാമന്ത്രി പ്രഖ്യാപിച്ചു. എന്തുവിലകൊടുത്തും നമ്മുടെ സ്വാതന്ത്ര്യത്തിനും പരമാധികാരത്തിനുമെതിരായ ഏതു ഭീഷണിയേയും നേരിടാൻ അവർ ദൃഢപ്രതിജ്ഞരായിരിക്കുകയാണു്.

നമ്മുടെ അതിർത്തിയുടെ ആകാശിക സ്ഥിതിയെപ്പറ്റിയും ബ്യാർബെറാറ് സ്ഥിതിചെയ്യുന്ന പാക്കിസ്ഥാൻസേന വീണ്ടും ആക്രമിച്ചിരിക്കുന്നതായി ഇന്നലെ ലഭിച്ചവാർത്തയിൽ കാണുന്നുവെന്നും മി. ചവാൻ പറഞ്ഞു.

ബ്യാർബെറാറിലെ ഇന്ത്യൻ സങ്കേതത്തിനുനേരെ ടാങ്കുകളോടുകൂടി പാക്കിസ്ഥാൻസേന ഇന്നലെ സായാഹ്നത്തിൽ കനത്താക്രമണം നടത്തി. എതിരാളികൾക്കു നഷ്ടം വരുത്തിക്കൊണ്ടു് ഈ ആക്രമണത്തെ ഇന്ത്യൻസേന ചെറുക്കുകയും കഴിവുള്ളതെല്ലാം ചെയ്യുന്നുണ്ടെന്നു് അവർ പറഞ്ഞു. ഉറപ്പുള്ള സ്ഥിതിക്കു വിപരീതമായി ചർച്ചകൾ നടക്കുകയും നിർത്തുകയും ചെയ്യുന്നതു് നന്നായിരിക്കുമെന്നു് സ്പീക്കർ പറഞ്ഞു.

ഗവമ്മെണ്ടിന്റെ പരാജയം അവഗണിക്കാനാവില്ല

ഗവമ്മെണ്ടിന്റെ കൃത്യങ്ങളെ ക്ഷീണിപ്പിക്കുന്നതൊന്നും പ്രവർത്തിക്കുകയോ പറയുകയോ അരുതെന്നു സ്പീക്കറുടെ ഉൽക്കണ്ഠയിൽ താനും പങ്കുചേരുന്നുവെന്നു് സ്പീക്കർ ഒരു ഘട്ടത്തിൽ പറഞ്ഞു. എന്നാൽ പ്രതിപക്ഷ മെമ്പർമാർ ഇതിനെ ശക്തിയായി എതിർത്തു.

ഒരു ഗുരുതര ചർച്ച വേണമെന്നു് മി. പി. കെ. ദിയോ, കപൂർസിംഗ്, എസ്. എം. ബാനർജി, മണിറാംബഗ്രി, പ്രകാശ്‌വീർ ശാസ്ത്രി, തുടങ്ങിയവർ ആവശ്യപ്പെട്ടു.

ആവശ്യമെങ്കിൽ ശാസ്ത്രി സക്കാർ പുറത്തുപോകണം

യാതൊന്നും രഹസ്യമായിട്ടില്ലെന്നു് മി. ബാഗ്രി പറഞ്ഞു. ഗവമ്മേണ്ടിനെയും മാറണം. ആവശ്യമെങ്കിൽ ശാസ്ത്രിഗവമ്മെണ്ടു് പുറത്തുപോകണമെന്നും അദ്ദേഹം പ്രസ്താവിച്ചു. പൈനീസ് ആക്രമണംപോലും ഗുരുതരമായ ചർച്ചയ്ക്കുപ്പെട്ടിരിക്കുന്നതിനാൽ ഒരു രഹസ്യചർച്ചയുടെ പ്രശ്നമേ ഉദിക്കുന്നില്ലെന്നു് മി. പി. കെ. ദിയോ പറഞ്ഞു. ഒരു ഗുരുതര ചർച്ചയിൽ ഗവമ്മെണ്ടിന്റെ പരാജയം പുറത്തുകൊണ്ടുവരുവാൻ സാധിക്കുമെന്നു് മി. ബി. ആർ. സിങ്ങു് പറഞ്ഞു.

ബുധനാഴ്ച ചർച്ച

ഒരു ഗുരുതര ചർച്ചക്കു് ഗവമ്മെണ്ടിനു തടസ്ഥമൊന്നുമില്ലെന്നു് പ്രധാനമന്ത്രി വിശദീകരിച്ചതിനെ തുടർന്നു്, ഈ പ്രശ്നം ബുധനാഴ്ച ചർച്ചയ്ക്കെടുക്കാമെന്നു് സ്പീക്കർ പ്രസ്താവിച്ചു. പിന്നീടു് അദ്ദേഹം പ്രമേയങ്ങളെല്ലാം നിരസിച്ചു.

കൊച്ചി കപ്പൽനിർമ്മാണകേന്ദ്രം

ജാപ്പ് സംഘം മണ്ണ സർവ്വേ ഉടനടി ആരംഭിക്കുന്നു

(പി. ടി. ഐ.) എറണാകുളം, ഏപ്രിൽ 26

കൊച്ചി കപ്പൽനിർമ്മാണ കേന്ദ്രത്തിനുവേണ്ടിയുള്ള മണ്ണു സർവ്വേ ഇപ്പോൾ കൊച്ചിയിലുള്ള ജപ്പാനിസ് കപ്പൽനിർമ്മാണസംഘം ഉടനടി ആരംഭിക്കുന്നതാണെന്നു് ഒരു ഔദ്യോഗിക പത്രക്കുറിപ്പിൽ പറയുന്നു.

പ്രോജക്ടിനുവേണ്ടി അക്വയർ ചെയ്തിട്ടുള്ള പ്രദേശത്തെ വീടുകളിൽ താമസിക്കുന്നവർക്കും ഈ പ്രവർത്തനങ്ങൾക്കു് യാതൊരു തടസ്ഥവും സൃഷ്ടിക്കരുതെന്നു് പദ്ധതിയുടെ ലെയ്സൺ കൗൺസർ ഉത്തരവായിട്ടുണ്ടു്. മരങ്ങൾ വെട്ടിമുറിച്ച നിലകൾ; കെട്ടിടങ്ങൾ പൊളിച്ച മാറുക, തുടങ്ങിയ പണികളും ഈ സർവ്വേയിൽ ഉൾപ്പെടുന്നു.

ടോക്യോവിൽ

കാബിനറ്റ് സിക്രട്ടറി ശ്രീ. ധരംവീരയുടെ നേതൃത്വത്തിലുള്ള ഒരു ഇന്ത്യൻ പ്രതിനിധിസംഘം മിത്സുബിഷി കമ്പനിയുമായി കൊച്ചി കപ്പൽനിർമ്മാണകേന്ദ്രം സംബന്ധിച്ച അവസാന ചർച്ചകൾ ഇന്നു് ടോക്യോവിൽ ആരംഭിച്ചു.

ഇപ്പോൾ നടന്നുവരുന്ന മണ്ണുസർവ്വേ സംബന്ധിച്ച പ്രാഥമിക കരാർ ഒരു വർഷം മുമ്പുതന്നെ ഉണ്ടാക്കിയിട്ടുണ്ടു്.

കപ്പൽനിർമ്മാണകേന്ദ്രത്തിന്റെ ശരിക്കുള്ള പണി മിത്സുബിഷിക്കമ്പനിക്കാർ ഏറ്റെടുക്കണമോ എന്നു് നിശ്ചയിക്കുകയാണു് ഇപ്പോൾ നടന്നുവരുന്ന ചർച്ചയുടെ ലക്ഷ്യം.

.....

ഷേക്കിന്റെ കത്തു് കിട്ടിയിട്ടില്ലെന്നു് ശാസ്ത്രി

[പി. ടി. ഐ.] ന്യൂഡൽഹി ഏ. 26

വിദേശങ്ങളിൽ താൻ ചെയ്ത പ്രസംഗങ്ങളെ പാസ്പോർട്ടും സംബന്ധിച്ചു് ഒരു കത്തും ഷേക് അബ്ദുള്ളയിൽനിന്നും തനിക്കു ലഭിച്ചിട്ടില്ലെന്നു് പ്രധാനമന്ത്രി ഇന്നു് ലോക്സഭയിൽ പറഞ്ഞു. കാശ്മീരിൽ ചിലരെ അറസ്റ്റുചെയ്തതിനെ പരാമർശിച്ചുകൊണ്ടു് കുറെനാഥുബഖ് മാത്രം തനിക്കു് ഷേക്കിൽനിന്നു ഒരു കത്തു ലഭിക്കുകയുണ്ടായെന്നും അദ്ദേഹം പറഞ്ഞു.

അമേ: വിമാനങ്ങൾ 9 ടൺ ബോമ്പ് വർഷിച്ചു

(റോയിട്ടർ) സായ്ഗോൺ, ഏ 26

അമേ: വ്യോമസേന വക എട്ടു് ക്യാൻബറാ ബോമ്പറുകൾ കഴിഞ്ഞ രാത്രി നിലവെളിച്ചത്തു് വടക്കൻ വിയറ്റ്നാം റോഡുകളേയും പാലങ്ങളേയും ആയുധശേഖരങ്ങളേയും നേരെ ഒരാക്രമണം നടത്തി. ഈ വിമാനങ്ങൾ ഒമ്പതു ടൺ ബോമ്പു വർഷിച്ചുവെന്നു് ഒരു സൈനികവക്താവു് പറഞ്ഞു.

നല്ല ചന്ദ്രപ്രകാശമുണ്ടായിട്ടും ആക്രമണത്തിന്റെ ഫലം വ്യക്തമായി മനസിലാക്കികഴിഞ്ഞിട്ടില്ല. എങ്കിലും ആക്രമണം പൊതുവെ വിജയപ്രദമായിത്തന്നുലൈസ് വൈമാനികർകരുതുന്നു. വിമാനങ്ങളുടെ നേരെ മിതമായ വെടിവെപ്പുണ്ടായെങ്കിലും സുരക്ഷിതമായിത്തന്നെ എല്ലാം തിരിച്ചെത്തി.

ദ: വിയറ്റ്നാമിൽ ഉത്തരവിയറ്റ്നാം സൈന്യം

ദക്ഷിണവിയറ്റ്നാമിൽ ഒരു ഉത്തരവിയറ്റ്നാം സൈനികഘടകം പ്രവർത്തിക്കുന്നതായി കണ്ടുപിടിക്കപ്പെട്ടിരിക്കുന്നതായി ദക്ഷിണവിയറ്റ്നാം ഗവമ്മെണ്ടു് ഇന്നു് പ്രസ്താവിച്ചു. ഒരു അമേ: വക്താവു് ഇതിനെസ്ഥിരീകരിച്ചിട്ടുണ്ടു്.

ദക്ഷിണവിയറ്റ്നാമിൽ കണ്ടുപിടിക്കപ്പെട്ട ആദ്യത്തെ സുസംഘടിതമായ ഉത്തരവിയറ്റ്നാം സൈനികഘടകമാണിതെന്നു് ഈ അമേരിക്കൻ വക്താവു് തുടർന്നുപറഞ്ഞു.

—.....

അമേരിക്കൻ ആയുധങ്ങൾ പിടിച്ചെടുത്തു

(പി. ടി. ഐ) ന്യൂഡൽഹി, ഏ. 26

ജമ്മു കാശ്മീരിലെ വെടിനിർത്തൽ രേഖകടന്നു് ഇന്ത്യക്കെതിരായി ആക്രമണം നടത്തിയ പാക്കിസ്ഥാനി സായുധസേനയിൽനിന്നും കുറെ അമേരിക്കൻ ആയുധങ്ങളും പിടിച്ചെടുത്തിട്ടുണ്ടെന്നു വാർത്ത രാജ്യരക്ഷാമന്ത്രി മി. ചവാൻ ഇന്നു് ലോക്സഭയിൽ സ്ഥിരീകരിച്ചു.

അവ അമേരിക്കൻ എമ്പസിയെ കാണിച്ചിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.

....o....

ഡൊമിനിക്കൻ റിപ്പബ്ലിക്കിൽപട്ടാളവിപ്ലവം

(റോ) സാന്തോസൊമിങ്കോ, ഏ 26

ഡൊമിനിക്കൻ റിപ്പബ്ലിക്കിന്റെ നിയന്ത്രണം വിപ്ലവസേനകം കയ്യടക്കിയതായി ഇന്നു കാണപ്പെട്ടു. മൻ പ്രസിഡണ്ടായ ജുവാൻബോഷ് അധികാരം വീണ്ടും ഏറ്റെടുക്കുവാനുള്ള ക്ഷണവും കാത്തു പൂഎർട്തോറിക്കൊയിൽ കഴിയുകയാണു്.

1963—ൽ നടന്ന ഒരു വിപ്ലവത്തെ തുടർന്നാണു് അദ്ദേഹം സ്ഥാനഭ്രഷ്ടനായതു്. തിരിച്ചുവരിക്കുന്ന ക്ഷണവും കാത്തിരിക്കുകയാണെന്നു് അദ്ദേഹം പറഞ്ഞു.

വിദ്യാർത്ഥികളെ പിരിച്ചുവിടാൻ വെടിവെച്ചു

രണ്ടുപേർക്കു് പരുക്കേറ്റു

[പി ടി ഐ) അലിഗർ, ഏ 26

അലിഗർ മൈസ്ലിം സർവ്വകലാശാലാ വൈസ്ചാൻസലർ മി. അലിയാവാർഞ്ജങ്ങിനേയും യൂണിവേഴ്സിറ്റികോർട്ടിലെ മറ്റുചിലരേയുംനേരത്തെ കയ്യേറ്റംചെയ്തിയ ആയിരത്തോളം വരുന്ന കോപാകുലരായ വിദ്യാർത്ഥികളെ പിരിച്ചുവിടുന്നതിനായി യൂണിവേഴ്സിറ്റി പരിസരത്തുവെച്ചു് പോലീസ് വെടിവെച്ചതിനെതുടർന്നു രണ്ടു് വിദ്യാർത്ഥികൾക്കു് പരുക്കുപറ്റിയിരിക്കുന്നു.

ഇന്ത്യ നിഷ്പക്ഷം

(റോയിട്ടർ) ജക്കാർത്ത ഏ. 26

ഇന്തോനേഷ്യയും മലയേഷ്യയും തമ്മിലുള്ള തർക്കത്തിൽ ഇന്ത്യ ഒരു പക്ഷം പിടിക്കുന്നതായുള്ള വാർത്ത ശരിയല്ലെന്നു്, ഒരു ഇന്ത്യാ ഗവമ്മെണ്ടുവക്താവു് പ്രസ്താവിച്ചതായി ഔദ്യോഗിക ഇന്തോനേഷ്യൻ വാർത്താ ഏജൻസിയായ അന്താരാ റിപ്പോർട്ടുചെയ്തിരിക്കുന്നു.

ഇന്ത്യ നിഷ്പക്ഷമാണു്. ഈ പ്രശ്നം സമാധാനപരമായവിധം പരിഹരിക്കണമെന്നതാണു് ഇന്ത്യയുടെ അഭിലാഷമെന്നു് ഈ വക്താവു പറഞ്ഞതായി വാർത്താ ഏജൻസി പ്രസ്താവിക്കുന്നു.

ചൈനീസ് നടപടിയിൽ പ്രതിഷേധം

(പി ടി ഐ) ന്യൂഡൽഹി, ഏ. 26

സിക്കിം മഹാരാജാവിന്റെ ഇയ്യിടെ നടന്ന പീട്ടാഭിഷേകചടങ്ങിൽ പൈനേരിട്ടു് രാജാവിനു് അഭിനന്ദനസന്ദേശമയച്ച നടപടിയെ ഇന്ത്യാഗവമ്മെണ്ടു് ഗുരുതരമായി വീക്ഷിച്ചിരിക്കുന്നു. കഴിഞ്ഞ ഏപ്രിൽ 9—ാംതിയതി പൈനീസ് എമ്പസിക്കു് നല്കിയ പ്രതിഷേധകുറിപ്പിൽ ഈ നടപടി തീർത്തും അസ്വീകാര്യമെന്നു് ഇന്ത്യാഗവമ്മെണ്ടു് പറഞ്ഞിരിക്കുന്നു.

സിക്കിമിന്റെ വിദേശബന്ധങ്ങളുടെ ഉത്തരവാദിത്വം ഇന്ത്യാഗവമ്മെണ്ടിനേതാണെന്നു് പൈനിക്കു് നല്ലപോലെ അറിയാം. സിക്കിം ഗവമ്മെണ്ടിനോ രാജാവിനോ ഉള്ള ഔപചാരികമോ അനൗപചാരികമോ ആയ ഏതു സന്ദേശവും ഇന്ത്യാഗവമ്മെണ്ടുവഴിയാണു് നല്കേണ്ടതു്.

.....

ബ്രിട്ടീഷ് പ്ര. മന്ത്രിയുടെ വാഷിംഗ്ടൺ ചർച്ച

ബ്രിട്ടീഷ് ഭരണകാലത്തെ അനുസ്മരിപ്പിക്കുന്ന ഒന്നാണെന്നു് ലോകസഭയിൽ വിമർശനം

[പി. ടി. ഐ.] ന്യൂഡൽഹി ഏ. 26

മാറ്റ് രാഷ്ട്രങ്ങളുടെ പ്രദേശത്തു് വിദേശസൈനികത്താവളങ്ങളും സ്ഥാപിക്കുകയോ നിലനിർത്തുകയോ ചെയ്യുന്നതിനെ ഇൻഡ്യ എതിർക്കുന്നുവെന്നു് വിദേശകാര്യമന്ത്രി സ്വരൺസിങ്ങ് ഇന്നു് ആവർത്തിച്ചു പ്രഖ്യാപിച്ചിരിക്കുന്നു. ഈ നയം പുനഃപരിശോധിക്കുന്ന പ്രശ്നമയില്ലെന്നു് അദ്ദേഹം പറഞ്ഞു.

അമേരിക്കയും ബ്രിട്ടനുമടക്കം ഇൻഡ്യൻ സമുദ്രത്തിൽ അണുവായുധത്താവളങ്ങളും സ്ഥാപിക്കുന്നതു സംബന്ധിച്ചു റിപ്പോർട്ടുകളെപ്പറ്റി രാജ്യസഭയിലും ലോകസഭയിലും ഇന്നു ചോദ്യങ്ങളുണ്ടായിരുന്നു. അതിനുള്ള മറുപടി പറയുകയായിരുന്നു അദ്ദേഹം.

ഈയ്യിടെ ചീന അണുസ്ഫോടനം, നടത്തിയതിന്റെ വെളിച്ചത്തിൽ ഇന്ത്യാഗവമ്മെണ്ടു് ഈ നയം പുനഃപരിശോധിക്കുമോയെന്നും ഇന്ത്യൻ സമുദ്രത്തിൽ അണുവായുധത്താവളങ്ങൾ സ്ഥാപിക്കുന്നതിനെ സ്വാഗതം ചെയ്യുമോയെന്നും ഡോ. ജി. ജി. സൈൽ ചോദിച്ചു.

പൈനീസ് അണുസ്ഫോടനത്തെ തുടർന്നു് ഇന്ത്യൻ ഉപദ്വീപത്തിനു് സംരക്ഷണം നൽകുന്നതിനെപ്പറ്റി അമേ. പ്രസിഡണ്ടും ബ്രിട്ടീഷ്, പ്രധാനമന്ത്രിയും തമ്മിൽ വാഷിംഗ്ടണിൽവച്ചു് ഈയ്യിടെ നടത്തിയ ചർച്ചകളെ എടുത്തു് സി. മാത്തൂർ പരാമർശിച്ചു. അണ്വായുധങ്ങളേയും അണുരഹിതരാജ്യങ്ങളേയും സംബന്ധിച്ച ഇന്ത്യയുടെ അഭിപ്രായങ്ങൾ ബ്രിട്ടീഷ് പ്രധാനമന്ത്രി ശരിയായിത്തന്നെയാണോ അവതരിപ്പിച്ചിട്ടുതെന്നു് അദ്ദേഹം ചോദിച്ചു. സ്വാതന്ത്ര്യലബ്ധിക്കുമുമ്പു് ബ്രിട്ടൻ ഇന്ത്യയുടെ പ്രതിരോധത്തിന്റെ മുതല വഹിച്ചിരുന്ന കാലഘട്ടത്തെ അനുസ്മരിപ്പിക്കുന്ന ഒന്നായിപ്പോയി ഈ സംഭവം.

ബ്രിട്ടീഷ് പ്രധാനമന്ത്രി വാഷിംഗ്ടണിൽവച്ചു് അമേ. പ്രസിഡണ്ടിനോടു് എന്തുപറഞ്ഞുവെന്നതു സംബന്ധിച്ചു് ഇന്ത്യാഗവമ്മെണ്ടിനു് റിപ്പോർട്ടൊന്നും ലഭിച്ചിട്ടില്ലെന്നു് സ്വരൺസിങ്ങു് മറുപടി നൽകി. നമ്മുടെ അഭിപ്രായങ്ങൾ നാംതന്നെ അറിയിച്ചുകൊള്ളാം. മറാരേയും നാം അധികാരപ്പെടുത്തിയിട്ടില്ല—ബ്രിട്ടീഷ് പ്രധാനമന്ത്രിയെപ്പോലും. നമ്മുടെ നിലപാടു് നമ്മുടെ പ്രധാനമന്ത്രി തന്നിടത്തുവച്ചു വ്യക്തമാക്കിയിട്ടുണ്ടു്.

പൊതുവാർത്തകളിൽനിന്നു്, ഇൻഡ്യൻ സമുദ്രത്തിൽ ഏതെങ്കിലും താവളം സ്ഥാപിക്കുന്നതുസംബന്ധിച്ചു് ഔദ്യോഗികമായ വിവരങ്ങളൊന്നുമില്ലെന്നു് സ്വരൺ സിങ്ങു് തുടർന്നുപറഞ്ഞു.

പഞ്ചാബ് മന്ത്രിസഭ വികസിപ്പിയ്ക്കുന്നു

(പി ടി) ചണ്ഡിഗർ, ഏ 26

മേയ് മൂന്നാംവാരത്തോടുകൂടി തൻറെ ഏഴംഗമന്ത്രിസഭയെ 20 അംഗമന്ത്രിസഭയാക്കി വികസിപ്പിക്കുവാൽ സാധ്യതയുള്ളതായി പഞ്ചാബ് മുഖ്യമന്ത്രി മി. രാംകിഷൻ പത്രലേഖകരോടു് പ്രസ്താവിച്ചു. വികസിപ്പിക്കുന്നമന്ത്രിസഭയിൽ ഏതാനും സ്റ്റേറ്റ് മന്ത്രിമാരെ കൂടി ഉൾപ്പെടുത്തുന്നതിനൊരു നിർദ്ദേശമുണ്ടെന്നും അദ്ദേഹം പറഞ്ഞു.

അടുത്തമാസത്തിൽ വികസിത മന്ത്രിസഭയിലെ മെമ്പർമാരുടെ പട്ടികക്കു് അദ്ദേഹം അവസാനരൂപം നൽകും.

ഗ്രൂപ്പടിസ്ഥാനത്തിൽ ഒരു പ്രാതിനിധ്യവും മന്ത്രിസഭയിലില്ലെന്നു് നേരത്തെ വിദ്യാഭ്യാസമന്ത്രി മി. പ്രബോധ് ചന്ദ്ര പ്രസ്താവിക്കുകയുണ്ടായി.

....

കനകമലപ്പള്ളിയിലെ തിരുനാളും മലമുകളിലെ പള്ളിയുടെ വെഞ്ചിരിപ്പും

കനകമല, ഏ 26

കനകമല പള്ളിയിൽ വി. അന്തോണീസിന്റെ തിരുനാളും മലമുകളിൽ പുതുതായി നിർമ്മിച്ച പള്ളിയുടെ വെഞ്ചിരിപ്പുകർമ്മവും മെയ് 1, 2 തിയ്യതികളിൽ വിപുലമായ പരിപാടികളോടെ നടത്തപ്പെടുന്നതാണു്. ഒന്നാം തിയതി വൈ: ഫാ: ഫ്രാൻസീസ് ചിറമേലിന്റെ അദ്ധ്യക്ഷതയിൽ മരിയസഖ്യവർഷികവും നാടകം തുടങ്ങിയ കലാപരിപാടികളും ഉണ്ടായിരിക്കും. രണ്ടാംതിയതി മലമുകളിൽ പള്ളിവെഞ്ചിരിപ്പും കർമ്മാനന്തരം മോൺ: സഖറിയാസ് വഴപ്പിള്ളി (വികാരി ജനറാൽ) നിർവ്വഹിക്കുന്നതാണു്.

....

കേന്ദ്ര ജീവനക്കാർക്കു് വർദ്ധിച്ച ക്ഷാമബത്ത

25.21 കോടി രൂപ പ്രതിവർഷം അധികച്ചിലവു്

(പി. ടി. ഐ.) ന്യൂഡൽഹി, ഏ. 26

മാർച്ചു് ഒന്നു് മുതൽ മുൻകാലപ്രാബല്യത്തോടുകൂടി ഏകദേശം 22 ലക്ഷം കേന്ദ്രഗവമ്മെണ്ടു് ജീവനക്കാർക്കു് വർദ്ധിച്ച ക്ഷാമബത്ത ലഭിക്കുന്നതാണു്. ജീവിതച്ചിലവിന്റെ വർദ്ധനയെ പരിഗണിച്ചാണു് ഈ നടപടി. 5ക. മുതൽ 20ക. വരെയാണു് വർദ്ധന അനുവദിച്ചിട്ടുള്ളതു്.

ഇതിനുപുറമെ പ്രതിമാസം 600 ക. യിൽ കൂടുതലും 1089 ക.വരെയും ശമ്പളം ലഭിക്കുന്നവരും ഇതുവരെ ക്ഷാമബത്ത ഇല്ലാതിരുന്നവരുമായ കേന്ദ്ര ഗവമ്മേണ്ടു് ജീവനക്കാർക്കു് ഇതേ തിയതിമുതൽ ക്ഷാമബത്തയും ലഭിക്കുന്നതാണു്. ഇതുമൂലം അവരുടെ ശമ്പളത്തിൽ ഒരുപ്പിക മുതൽ തൊണ്ണൂറു് ഉറുപ്പികവരെ വർദ്ധനവുണ്ടാകും.

ക്ഷാമബത്തയുടെ വർദ്ധനവു സംബന്ധിച്ച വിശദവിവരങ്ങൾ ധനകാര്യമന്ത്രി ടി ടി. കൃഷ്ണമാചാരി ഇന്നു് ലോകസഭയിൽ സമർപ്പിച്ചു.

ക്ഷാമബത്തയിൽ വരുത്തിയിരിക്കുന്ന ഈ വർദ്ധനവുമൂലം ഗവമ്മെണ്ടിനു് പ്രതിവർഷം 25.21 കോടിക. കൂടുതൽ ചിലവാകും.

ഇൻഡ്യൻ ആഡിറ്റർ ആൻറ് അക്കൌണ്ട്സ് ഡിപ്പാർട്ടുമെൻറിൽ ജോലിയെടുക്കുന്നവർക്കും ഈ വർദ്ധനവുമൂലം പ്രയോജനം സിദ്ധിക്കും.

പ്രതിമാസം 110ക.യിൽ താഴെ ശമ്പളം വാങ്ങിക്കുന്ന കേന്ദ്ര ഗവ. ജീവനക്കാർക്കു് 33ക. ക്ഷാമബത്ത കിട്ടും—അതായതു് 5ക. വർദ്ധനവു്. 110ക.യും അതിനു മുകളിലും എന്നാൽ 150ക.യ്ക്കു താഴെയും പ്രതിമാസശമ്പളമുള്ളവർക്കു് 50ക.യാണു് ക്ഷാമബത്ത—അതായതു് 8ക. വർദ്ധനവു്. 150ക യും അതിനുമുകളിലും എന്നാൽ 210ക.യ്ക്കു താഴെയും പ്രതിമാസം ശമ്പളം പറ്റുന്നവർക്കു് 65 ക. ക്ഷാമബത്ത—അതായതു് 11ക. വർദ്ധന. 210ക.യും അതിനു മുകളിലും 400ക.യ്ക്കു താഴെയും ശമ്പളം ലഭിക്കുന്നവർക്കു് 90ക.യാണു് ക്ഷാമബത്ത. ഇവരിൽ 400ക.യും അതിനു മുകളിലും എന്നാൽ 600ക.യ്ക്കു താഴെയും ശമ്പളം പറ്റുന്നവർക്കു് ക്ഷാമബത്തയിൽ 20 ക. യാണു് വർദ്ധന. പക്ഷേ, 600 ക. യ്ക്കും 1000 ക. യ്ക്കും ഇടയ്ക്കു് ശമ്പളം പറ്റുന്നവർക്കു് അവരുടെ ശമ്പളത്തിൽ 90 ക. വർദ്ധനയുണ്ടായിരിക്കും. കാരണം ഈ വിഭാഗക്കാർക്കു് ഇതുവരെ ക്ഷാമബത്ത ലഭിച്ചിരുന്നില്ല. 1000 ക. യും അതിനു മുകളിലും ശമ്പളമുള്ളവർക്കു് അവരുടെ ശമ്പളം 1090 ക. യിലെത്താൻ എത്ര ഉറുപ്പിക കൂടുതലുണ്ടോ അതുകയായിരിക്കും അവരുടെ ക്ഷാമബത്ത.

നിരാശ

ഇന്നു ലോകസഭയിൽ അവതരിപ്പിച്ചതും കേന്ദ്രജീവനക്കാർക്കുവേണ്ടി അനുവദിച്ചതുമായ ക്ഷാമബത്താവർദ്ധനവിൽ എസ്. എം. ബാനർജി, പീറർ അൽവാരീസ്, ഹോമിഡാജി, നാഥ്പൈ എന്നീ ലോകസഭാംഗങ്ങളും കേന്ദ്ര ഗവ: ജീവനക്കാരുടെ സംഘടനാനേതാക്കളും നിരാശ പ്രകടിപ്പിച്ചിരിക്കുന്നു.

നാലാക്ലാസ്സു് ജീവനക്കാർക്കു് ക്ഷാമബത്ത 7 ക. യാക്കി വർദ്ധിപ്പിക്കുന്നമെന്ന ദാസ്കമ്മീഷൻ റിപ്പോർട്ടിനെ ശുപാർശ ചെയ്തിരിക്കുന്നതുകൊണ്ടു് അവർക്കു് 5 ക. മാത്രം അനുവദിച്ചതു് തങ്ങളെ തെറ്റിപ്പിച്ചുവെന്നു് അവർ പറഞ്ഞു. കമ്മീഷനെറ ഈ അവാർഡ് ഗവമ്മെണ്ടു് തിരസ്കരിച്ചതു് പ്രക്ഷോഭണത്തിലേക്കു വഴിതെളിക്കുമെന്നു് അവർ മുന്നറിയിപ്പുനൽകി. ഗവമ്മെണ്ടു് അതിനെറ നിലപാടു് പുനഃപരിശോധിക്കുമെന്നു് അവർ പ്രത്യാശിച്ചു.

....

കലാസമിതി ഉൽഘാടനം

കടവല്ലൂർ, ഏ 25

കടവല്ലൂർ ശ്രീനാരായണകലാലയത്തിന്റെ ഉൽഘാടനം കഴിഞ്ഞ ദിവസം നടത്തപ്പെട്ടിരിക്കുന്നു. വേലായുധൻ തച്ചക്കോട്ടുകായുടെ "ചന്ദനക്കട്ടിൽ" എന്ന കഥാപ്രസംഗവും അതോടൊപ്പം നടത്തപ്പെട്ടു.

ഇടപ്പള്ളി സെൻറ് ജോർജ്ജ് ഫൊറോനാ പള്ളിയിൽ

വി. ഗീവറുഗീസ് സഹദായുടെ തിരുനാൾ മഹാമഹം

1965 ഏപ്രിൽ 23 വെള്ളിയാഴ്ച ആരംഭിച്ചു് മേയ് 4 ചൊവ്വാഴ്ച അവസാനിക്കുന്നു. എട്ടാമിടം മേയ് 11 ചൊവ്വ.

തിരുനാൾ പ്രമാണിച്ചു് സ്പെഷ്യൽ ട്രയിനും ബസ്സുകളും ഏർപ്പെടുത്തിയിട്ടുണ്ടു്.

THE SOUTH INDIAN BANK LIMITED,

(REGD. OFFICE :: TRICHUR)

A Scheduled Bank

Rates of Interest on Deposits

FIXED DEPOSITS:

For 91 days and over but less than	6 months	..	5¼%
,, 6 months	,, 12 months	..	5¾%
,, 12 months	,, 24 months	..	6¼%
,, 24 months	,, 36 months	..	6½%
,, 36 months	,, 60 months	..	6¾%
,, 60 months	,, 72 months	..	7¼%
,, 72 months	,, 108 months	..	7½%
For 108 months and over		.	8%

SAVINGS BANK DEPOSITS

4% p. a. on daily balances of Rs. 10/- and multiples thereof.

ALL TYPES OF BANKING BUSINESS TRANSACTED.

---oOo---

Opening shortly 5 more branches at

TIRUCHIRAPALLY	
ARUPPUKOTTAI	*Madras State*
TANJAVUR	
BANGALORE CANTONEMENT	*Mysore State*
QUILON	*Kerala State*

JOSEPH CHAKOLA, CHAIRMAN, BOARD OF DIRECTORS.

M. C. P. NAMBIAR, GENERAL MANAGER.

കനകമലപ്പള്ളിയിലെ തിരുനാളും മലമുകളിലെ പള്ളിയുടെ വെഞ്ചിരിപ്പും

മാന്യരെ,

കനകമലപ്പള്ളിയിൽ വി. അന്തോണീസിന്റെ തിരുനാളും മേയ് 1, 2 എന്നീ തീയതികളിൽ നടത്തപ്പെടുന്നതാണു്. മലമുകളിൽ പണിതീർത്തിട്ടുള്ള പള്ളിയുടെ വെഞ്ചിരിപ്പുകർമ്മം റൈറ്റ് റവ. മോൺസിഞ്ഞോർ സഖറിയാസ് വാഴപ്പിള്ളി (വികാരി ജനറാൾ) 2 നു് കാലത്തു് 7 മണിക്കു് നിർവ്വഹിക്കുന്നതാണു്. തുടർന്നു് മലമ

തൊഴിലാളി

പോസ്റ്റ്ബോക്സ് 90
ടെലഫോൺ 125

1965 ഏപ്രിൽ 27–ാംന ചൊവ്വ

കോൺഗ്രസ്സ് നശിക്കുന്നതോടൊപ്പം രാജ്യവും നശിക്കണോ?

പാക്കിസ്ഥാൻ യഥാർത്ഥ പ്രകോപനവും കൂടാതെ, വമ്പിച്ച ഒരാക്രമണം നടത്തിയിരിക്കുന്നു. ഇത്തവണ ടാങ്കും ഉൾപ്പെടെയുള്ള സജ്ജീകരണങ്ങളോടെയായിരുന്നു അവർ മുന്നേറിയതു്. അതിർത്തിയിൽ പല സ്ഥലങ്ങളിലും അവർ വമ്പിച്ച സൈന്യസജ്ജീകരണങ്ങളും നടത്തിക്കഴിഞ്ഞിരിക്കയാണു്.

ഒരു ആക്രമണത്തിനുശേഷം പാക്കിസ്ഥാൻ സൈന്യം അവരുടെ താവളത്തിലേയ്ക്കു പിൻവാങ്ങിയതായും കേൾക്കുന്നു. നമ്മുടെ പ്രധാനമന്ത്രിയും പ്രസിഡൻറും മറ്റും വിയറാ‍ംനാമിൽ സമാധാനം പുനഃസ്ഥാപിക്കുന്നതിനും, അവിടത്തെ സംഭവവികാസങ്ങളിൽ കുറെ ക്കാരാണെന്നു കണ്ടുപിടിക്കുന്നതിനും അക്ഷീണയത്നം ചെയ്തുവരുമ്പോഴാണു്, നമ്മുടെ മണ്ണു് ആക്രമിക്കപ്പെടുന്നതെന്ന വസ്തുത പ്രത്യേകം ഓർക്കേണ്ടതാണു്.

പാക്കിസ്ഥാനും ഇന്ത്യയും 1947–ലാണു് സ്വാതന്ത്ര്യം പ്രാപിച്ചതു്. ഇൻഡ്യയുടെ അഞ്ചിലൊന്നു മാത്രമാണു് പാക്കിസ്ഥാനിലെ വലിപ്പം. കിഴക്കും പടിഞ്ഞാറുമായി കിടക്കുന്ന പാക്കിസ്ഥാനെ പലതരത്തിലും നിയന്ത്രിക്കുന്നതിനുള്ള സാധുതകളാണു് ഭരമിശാസ്ത്രപരമായി നമുക്കുള്ളതു്. ഇങ്ങനെയൊക്കെയാണെങ്കിലും, നാം ആക്രമിക്കപ്പെട്ടുകയാണു്. എന്തായാലും ഇങ്ങനെ സംഭവിക്കാൻ?

ദേശസംരക്ഷണം വഹിക്കുന്ന ആളുകളുടെയും, അവരെ നയിക്കുന്ന കോൺഗ്രസ്സ് സംഘടനയുടെയും കഴിവുകേടാണെന്നല്ലാതെ മറെറന്തു ന്യായമാണു് കണ്ടുപിടിക്കാൻ കഴിയുക?

ചൈന നമ്മെ ആക്രമിച്ചു്, അവരുടെ അനധികൃതമായി കൈവശപ്പെടുത്തിവെച്ചിരിക്കുന്ന ഇരുപതിനായിരം ചതുരശ്രമൈൽ നമ്മുടെ ഭൂമി കയ്യടക്കിവെച്ചിരിക്കുന്നു തിരിച്ചു പിടിക്കാൻ നമുക്കു കഴിയാഞ്ഞതു്, ചൈന ഒരു വമ്പിച്ച സൈനിക രാഷ്ട്രമായതുകൊണ്ടാണെന്നു പറയുന്നതു് നുണയാണെന്നു് ഇപ്പോഴത്തെ സംഭവവികാസങ്ങൾ തെളിയിച്ചുകഴിഞ്ഞു. ചൈനയുടെ ഭൂമി നഷ്ടപ്പെടുന്നതിനുള്ള പൂർണ്ണ ഉത്തരവാദിത്തം നെഹ്രുവിനും കൃഷ്ണമേനോനും നിലയും തകരാറിലാക്കുകയും ചെയ്തു. നമ്മുടെ പ്രദേശത്തു കടന്നുകയറുവാൻ ആക്രമിക്കാൻ വരുന്നവർക്കു്, വെടിക്കോപ്പുകളുടെ ചെലവു മാത്രമേ ഉണ്ടാക്കേണ്ടിവരുന്നുള്ളൂ. നേരേമറിച്ചു് നമുക്കുണ്ടാകുന്ന നഷ്ടം വലിച്ചതാണു്. ലഡാക്കിലും മുടിയും മറവും ചൈനാക്കാർ കടന്നുകയറിയതുമായ അനുഭവങ്ങളിൽനിന്നും ഉദാഹരണമാണല്ലോ. ഭരത്തിൽ സംഭവിക്കാതിരിക്കണമെങ്കിൽ, നമ്മുടെ അതിർത്തികളിൽ ശക്തമായ സൈന്യവും സജ്ജീകരണങ്ങളും നടത്തുന്നതോടൊപ്പം, നമ്മുടെ താവളങ്ങളും ശക്തിപ്പെടുത്തേണ്ടതാണു്. ഒരുപക്ഷേ, നമ്മുടെ കുറെ ഭാഗം മൂലം മോശമായിപോയെന്നുവരും. പക്ഷേ നമുക്കു വന്നുകൂടിയ ചൈനയുടെ കൈയേറ്റം നമുക്കു കഴിയുന്നില്ലെങ്കിൽ, മറെറാരു ഏതെങ്കിലും പ്രദേശത്തുകൂടി നമുക്കു് മുന്നേറാൻ കഴിയുമെങ്കിൽ, ആക്രമിക്കപ്പെടുന്നതിനേക്കാളും അവരെയും പോലെയുള്ളവരെയും പിന്തിരിപ്പിക്കുന്നതിനുള്ള നിശ്ചയദാർഢ്യവും കഴിവുകളും സമാഹരിക്കുകയാണു് ഇപ്പോൾ നമുക്കു ചെയ്യാനുള്ളതു്. ഇതിനുള്ള ഉത്തരവാദിത്തം കോൺഗ്രസ്സിനാണു്. കോൺഗ്രസ്സിനെ നിലനിർത്തുന്നതിനുവേണ്ടി രാജ്യത്തിന്റെ നിലനിൽപ്പുതന്നെ അപകടത്തിലാക്കുന്നതിനു് ഒരു ന്യായീകരണവുമില്ല.

ഒരു കാര്യം നമ്മുടെ ഓർമ്മയിൽ ഉണ്ടായിരിക്കണം. ഇന്നു് ഇന്ത്യയിൽ ഭരണത്തിലിരിക്കുന്ന കോൺഗ്രസ്സ് ഗവൺമെൻറിനെ നയിക്കുന്നതു് നെഹ്രുവിന്റെ പുത്രിയാണു്. ഇന്ദിരാഗാന്ധിയുടെ ഭർത്താവു് ഫിറോസ് ഗാന്ധി പാർലമെൻറിലെ ഒരു പ്രമുഖ കോൺഗ്രസ്സ് അംഗമായിരുന്നു. അദ്ദേഹം കോൺഗ്രസ്സിനുള്ളിലെ അഴിമതിക്കെതിരായി ശക്തമായി പോരാടിയിരുന്നു. അദ്ദേഹത്തിന്റെ മരണത്തിനുശേഷം ഇന്ദിരാഗാന്ധിയുടെ പിതാവു് നെഹ്രുവിന്റെ പേരിലുള്ള ഒരു ട്രസ്റ്റിനെ ഉപയോഗിച്ചു് കോൺഗ്രസ്സിനുള്ളിലെ അഴിമതിക്കാരെ സംരക്ഷിക്കുന്നതിനുള്ള ഒരു ഏർപ്പാടു് ചെയ്തിരുന്നു. ഇന്ദിരാഗാന്ധിയുടെ ഭർത്താവിന്റെ പേരിലുള്ള ട്രസ്റ്റിനെ ഉപയോഗിച്ചു് അതിനെ തകർക്കുന്നതിനുള്ള ഒരു ഏർപ്പാടു് ചെയ്തിരുന്നു. ഇന്ദിരാഗാന്ധിയുടെ ഭർത്താവിന്റെ പേരിലുള്ള ട്രസ്റ്റിനെ ഉപയോഗിച്ചു് കോൺഗ്രസ്സിനുള്ളിലെ അഴിമതിക്കാരെ സംരക്ഷി

കുഞ്ഞുമുഹമ്മദിന്റെ കുടുംബക്കാർക്ക് സർക്കാർ സഹായം നൽകണം

കെ. ടി. പി. സ്റ്റോറ് കമ്മറിമെമ്പർ പി. എ. സൈനുട്ടീന്റെ പ്രസ്താവന

[സ്വ ലേ] മോർട്ടുകൊച്ചി, ഏ 26

അധികാരത്തിന്റെ ആയാസമുഷ്ടികൊണ്ട് അട്ടിയേറ് കൊല്ലപ്പെട്ട നിരപരാധിയായ കുഞ്ഞുമുഹമ്മതിന്റെ കുടുംബക്കാർക്ക് സർക്കാർ സഹായം നൽകണമെന്ന് കെ. ടി. പി. കേന്ദ്രകമ്മറ്റി മെമ്പർ പി. എ. സൈനുട്ടീൻ പുറപ്പെടുവിച്ച ഒരു പ്രസ്താവനയിൽ ആവശ്യപ്പെട്ടിരിക്കുന്നു.

അദ്ദേഹത്തിന്റെ പ്രസ്താവന ഇങ്ങനെ തുടരുന്നു.

ലോകം മുഴുവനും ദുഃഖത്തിലാണ്ടുപോയ ദുഃഖവെള്ളിയാഴ്ചയാണ് മോർട്ടുകൊച്ചി ലോക്കപ്പിലിട്ട് നിരപരാധിയായ ഒരു മനുഷ്യസ്നേഹിയെ പോലീസ് മേധാവിത്വം അടിച്ചുകൊലപ്പെടുത്തിയതു്. ജനാധിപത്യത്തിന്റെ നേക്കുള്ള ഈ കയ്യേറ്റം അഹിംസാമൂർത്തിയായ മഹാത്മജിയുടെ ഭാരതത്തിൽ ഇപ്പോഴും ആവർത്തിക്കാനിടവന്നതെന്നതു് ഒരിക്കലും ക്ഷന്തവ്യമല്ല.

പദവങ്ങളുടെ അവകാശപ്രഖ്യാപനത്തിനുവേണ്ടി ത്രിപംപൂണ്ട കഷ്ക-തൊഴിലാളി പാർട്ടിയെ അമച്ച് ചെയ്വാൻ തൃശ്ശൂർ ലോക്കപ്പ് മുറി മർദ്ദകക്ക് ഇറങ്ങാകൊടുത്ത അതേ അശ്ലീപ്രസന്താനങ്ങൾ ഇന്നും ഇവിടെ ജീവിക്കുന്നുവെന്നതു് അനുവദിക്കാൻ പാടില്ലെന്ന് ഇന്നും ഞങ്ങൾ ഉറച്ചുപറയുന്നു. അവരെ ശിക്ഷിക്കാനും അവരെക്കൊണ്ടു് ചട്ടിക്കത്തിക്കടിപ്പിക്കാനും ഈ രാജ്യത്തെ പൗരബോധത്തിനു് സാധിക്കുമോ എന്ന ഒരു പരീക്ഷണമാണ് ഇപ്പോഴും നമ്മുടെ മുമ്പിലുള്ളതു്. അല്പാത്തപക്ഷം ഇനിയും കേരളത്തിലെ ലോക്കപ്പുകളിൽ ശവശരീരങ്ങൾ തൊറിച്ചുവീഴുകയോ ആത്മഹത്യകളുടെ മൂടുപടമിട്ട കൊലപാതകങ്ങൾ നടക്കുകയോ ചെയ്യുമെന്നതു് ആരും മറന്നുകളയരുതു്.

മാച്ച് 4-ന് 34ഓളം പാവങ്ങളുടെനേക്ക് നടന്നതുപോലുള്ള ആക്രമാതീതമായ ക്രൂരതയെ ചെറുക്കാൻ ഇന്ന് പ്രതിഷേധവാരോലകളിറക്കുന്ന പലരും അന്നാമർദ്ദനത്തിന് കൂട്ടുനിന്നവരും പദവി ആവിശ്യപ്പെടുന്നവരായിരുന്നു. അവസരവാദികളും മനുഷ്യത്വത്തെ രാഷ്ട്രീയത്തിന്റെ തുലാസിലിട്ട് തൂക്കം നോക്കി പാർശ്വം പിടിക്കുന്നവരുമായ ഏതൊരു നേതാക്കന്മാരുടെ പിൻതാങ്ങോടെ എന്തും നടത്താമെന്നു് പോലീസ് വകുപ്പിൽ കടന്നുകൂടിയിട്ടുള്ള ധാർഷ്ട്യമാണ് ഇന്നീ മർദ്ദനത്തിനു് പ്രേരകമായതെന്നതു് ആരും മറന്നുപോകരുതു്.

ഇനിയെങ്കിലും മർദ്ദിതരുടെ കാര്യത്തിൽ ജാതിയും രാഷ്ട്രീയവും നോക്കാതെ ഒന്നിക്കാനുള്ള വികാരം കേരളത്തിലെ രാഷ്ട്രീയനേതാക്കളിൽ ഉണ്ടായിക്കാണുമെങ്കിൽ അതാശാവഹമാണ്.

കുഞ്ഞുമുഹമ്മദ് സംഭവത്തിൽ സർക്കാരെടുത്ത നടപടികളും ആശാവഹമാണ്. പക്ഷേ ആ പാവപ്പെട്ട കുടുംബം ഇന്ന് പട്ടിണിയിലാണ്. അവരെ സംരക്ഷിക്കാൻ ഇന്ന് സർക്കാരിനു കടപ്പാടുണ്ട്. ആ കാര്യത്തിൽ ജയിൻ സർക്കാർ നീതിപാലിക്കണമെന്നു് ഞാൻ വിനീതമായി അഭ്യർത്ഥിക്കുകയാണ്.

....ം....

അരിവില തീ പിടിച്ചുകയറുന്നു.

ചങ്ങനാശ്ശേരി ഏ. 26

ഈ ആഴ്ച ആദ്യം വരെ ചാക്കൊന്നിന് 80-81 രൂപാ വിലയുണ്ടായിരുന്ന അരിക്ക് ഈ അടുത്ത ദിവസങ്ങളിൽ 94 ക. വരെ വിലയായി വർദ്ധിച്ചിരിക്കുകയാണ്. നെല്ല് വില പറയുന്നു 4 ക. 4 15 ന. പ. വരെയുണ്ടായിരുന്നതിന് ഇന്ന് 5 ക യായി ഉയർന്നിരിക്കുന്നു. ഇതു വളരെ വേഗം അരിയുടെയും നെല്ലിന്റെയും വില വർദ്ധിച്ചതിന്റെ രഹസ്യമെന്നു തോന്നുന്നു. ചില ഉദ്യോഗസ്ഥന്മാരുടെ കൈപ്പുള്ളി ബിസിനസ്സ് ഇതിനൊരു കാരണമായി പറയപ്പെടുന്നു.

തലസ്ഥാനത്തുനിന്നു്

[സ്വ. ലേ] തിരുവനന്തപുരം, ഏ. 26

പേട്ട തുമ്പമ്മൻ് ഹൈസ്കൂളിൽവച്ചു് നടത്തപ്പെടുന്ന ജൂനിയർ ഡിവിഷൻ എൻ. സി. സി ക്യാമ്പു് കേരള വിദ്യാഭ്യാസഡയറക്ടർ ശ്രീ. ഉമാശങ്കർ, കോളേജിയേറ് ഡയറക്ടർ മിസ്സ് വാഗീസ്, റീജിനൽ വിദ്യാഭ്യാസ ഡയറക്ടർ ശ്രീ. കൃഷ്ണൻനായർ, ഡി. ഇ. ഒ ശ്രീമതി ഭാരതിഅമ്മ എന്നിവർ സന്ദർശിക്കുകയുണ്ടായി. കേഡറുകൾ താമസിക്കുന്ന ബാരക്കുകളും, കിറ്റുകൾ ഒരുട്ട്, പരിശീലനം, ആഹാരം ഇവ അവർ പരിശോധിക്കുകയും തികഞ്ഞ സംതൃപ്തി പ്രകടിപ്പിക്കുകയും ചെയ്തിരിക്കുന്നു. കുട്ടികളുടെ പരിസരവും വൃത്തിയായി സൂക്ഷിക്കുന്നതിൽ കേഡറുകൾക്കാണിക്കുന്ന ശ്രദ്ധയും വിഷയമായി. ഈ ക്യാമ്പു് ഏപ്രിൽ 28-ന- സമാപിക്കും,

വഞ്ചി പൂവർഫണ്ടിനു് സംഭാവന

മാവേലിക്കര രവിവിലാസത്തു് ആർ. എം. വക്കയുടെ ചരമവാർഷികം പ്രമാണിച്ചു് ഇന്നേദിവസം പൂവർഫോമിലെ രോഗികൾക്കു് വിശേഷവിഭവങ്ങളോടുകൂടി അന്നദാനം നടത്തുന്നതിനുവേണ്ടി മിസ്സസ് ആർ. എം. വക്ക. വഞ്ചി പൂവർഫണ്ടിനു് നൂറൊന്നു് രൂപ സംഭാവന നൽകിയിരിക്കുന്നു.

പാലക്കാടു് വാർത്തകൾ

പാലക്കാടു്, ഏപ്രിൽ 26

കഴൽമന്ദം കൈത്താറി നെയ്ത്തു പാസ്സാസഹായ സംഘത്തിലേയ്ക്കു് അനുവദിച്ച യന്ത്രത്തറികളുടെ ഉൽഘാടനം ഏപ്രിൽ 25-ാംനു- വൈകുന്നേരം വ്യവസായവാണിജ്യ അഡ്വൈസർ ശ്രീ. ജസ്റ്റിൻ എസ്സ്. ജേക്കബ്ബാസൻ നിർവഹിച്ചിരിക്കുന്നു.

ജില്ലാഇൻഫർമേഷൻ ഓഫീസർ

പാലക്കാടു് ജില്ലാ ഇൻഫർമേഷൻ ആഫീസർ ശ്രീ. എസ്. രാമയ്യർ ആലപ്പുഴയ്ക്കു സ്ഥലം മാറിപ്പോകുന്ന ഒഴിവിൽ നിയമിതനായിട്ടുള്ള ശ്രീ. കെ. സീതി മുഹമ്മദ് ഇന്നു് ഉച്ചതിരിഞ്ഞു് ചാർജ്ജെടുത്തിരിക്കുന്നു.

ബി. ഡി. സി. യോഗം

ശ്രീകൃഷ്ണപുരം ബ്ലോക്കു് ഉപദേശകസമിതിയുടെ ഒരു യോഗം ഏപ്രിൽ 29-ാംനു- ഉച്ചതിരിഞ്ഞു് 3 മണിയ്ക്കു ചേരുന്നതാണു്.

ജാമ്യത്തുക കണ്ടുകെട്ടി

റിട്ടേണ്ണകാം ക്രമാനുസരണം അയയ്ക്കുന്നതിൽ വീഴ്ചവരുത്തിയതിനു് മണ്ണൂർ ഭഗവതി ഫൈസ് മില്ലുടമസ്ഥൻ കെ. വി. വെള്ളക്കുട്ടി, കരിങ്കരപ്പുള്ളി എം. എ. എം. ഫൈസ് മില്ലുടമസ്ഥൻ യു. പി. കൃഷ്ണമൂർത്താൻ എന്നിവർ ബൈസൻസിനു നല്കിയ ജാമ്യത്തുക കണ്ടുകെട്ടികൊണ്ടു് പാലക്കാടു് ജില്ലാ കലക്ടർ ഉത്തരവിട്ടിരിക്കുന്നു.

86 റേഡിയോ സെറ്റുകം അനുവദിച്ചു

പഞ്ചായത്തുകാംക്ക സഹായനിരക്കിൽ റേഡിയോ സെറ്റുകാം വിതരണം ചെയ്യുന്ന പദ്ധതിയനുസരിച്ചു പാലക്കാടു് ജില്ലയിൽ ഇക്കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ മാത്രം 86 സെറ്റുകാം അനുവദിച്ചിരിക്കുന്നു. ഇതിൽ 36 എണ്ണം ബാറ്ററി സെറ്റുകളാണ്. ജില്ലാ ഇൻഫർമേഷൻ ഓഫീസു് മുഖേന പഞ്ചായത്തുകാം അയയ്ക്കുന്ന അപേക്ഷകളിന്മേൽ പബ്ലിക്ക് റിലേഷൻസ് ഡയറക്ടരാണു് സെറ്റുകളനുവദിക്കുന്നതു്.

ചിറ്റൂർ ബി. ഡി. സി.

ചിറ്റൂർ ബ്ലോക്കു് വികസനസമിതിയുടെ ഒരു യോഗം ഏപ്രിൽ 27-ാംനു- രാവിലെ 10 മണിയ്ക്കു് ചേരുന്നതാണു്.

.....

ജില്ലാ ഗസറ്റിയർ പ്രസിദ്ധീകരിച്ചു

പാലക്കാടു്, ഏപ്രിൽ 25

പാലക്കാടു് ജില്ലാ ഗസറ്റിയർ ഇവിടെ പ്രസിദ്ധീകരിച്ചിരിക്കുന്നു.

.....

പറവൂർ ബ്ലോക്കു് ഉപദേശകസമിതി

പറവൂർ, ഏ 26

പറവൂർ ബ്ലോക്കു് ഉപദേശകസമിതിയുടെ അടുത്തയോഗം ഏപ്രിൽ 30-ാം തിയതി വൈകുന്നേരം 3 മണിയ്ക്കു് പ്രസ്തുത ബ്ലോക്കു്ഹെഡ്കാർട്ടേഴ്സിൽവച്ചു് ചേരുന്നതാണു്.

....ം....

സ്യം അജ്ഞാതമാണു്. ചില കരിഞ്ചന്തവീരന്മാരുടെ കൊള്ളലാഭമക്കൊതിയാണു് ഈ വില വർദ്ധനവിന്റെ രഹസ്യമെന്നു തോന്നുന്നു. ചില ഉദ്യോഗസ്ഥന്മാരുടെ കൈപ്പുള്ളി ബിസിനസ്സും ഇതിനൊരു കാരണമായി പറയപ്പെടുന്നു.

ഇന്ത്യൻ സമുദ്രത്തിൽ ഒരു വലിയ താഴ്വര

വാഷിംഗ്ടൺ, ഏപ്രിൽ 25

ഇന്ത്യൻ മഹാസമുദ്രത്തിന്റെ അടിയിൽ 600 മൈൽ നീളവും 25 മൈൽവരെ വീതിയുമുള്ള വലിയൊരു താഴ്വര അമേരിക്കൻ ശാസ്ത്രജ്ഞന്മാർ കണ്ടുപിടിച്ചിരിക്കുന്നു.

സുമാത്രാദ്വീപിന്റെ വടക്കേ അഗ്രത്തിനും ബ്രഹ്മായ്ക്കു തെക്കുപടിഞ്ഞാറായുള്ള നാക്കോണ്ടം ദ്വീപിനും ഇടയ്ക്കു് ആന്തമാൻ സമുദ്രത്തിലുള്ള ഈ താഴ്വര സമുദ്രനിരപ്പിൽനിന്നു ഒരുമൈൽ മുതൽമൂന്നുമൈൽവരെയുള്ള ആഴത്തിലാണു് ഇതിനു ചുറ്റുമായി പർവ്വതശിഖരങ്ങളാണു്. ഈ ശിഖരങ്ങൾക്കു് ഏറ്റവും കൂടിയ ഉയരം 12,000 അടിയാണു്.

അമേരിക്കൻ വാണിജ്യവകുപ്പിലെ സമുദ്രോർ-ഭ്രരൂപസർവ്വേ വകുപ്പിലെ സമുദ്രശാസ്ത്രജ്ഞന്മാർ 'പയനീയർ' എന്ന കപ്പലിൽ കഴിഞ്ഞ വർഷം നടത്തിയ സഞ്ചാരവേളയിലാണു് ഈ കണ്ടുപിടിത്തം നടത്തിയതു്. സാവ്ദേശീയ ഇന്ത്യൻ മഹാസമുദ്രപര്യവേക്ഷണത്തിൽ പങ്കെടുത്ത കപ്പലുകളിൽ ഒന്നിതായിരുന്നു. യൂണസ്സ്കോ (ഐക്യരാഷ്ട്ര വിദ്യാഭ്യാസ – ശാസ്ത്രീയ-സാംസ്കാരികസംഘടന)യുടെ കീഴിലുള്ള ഓഷ്യനോഗ്രാഫിക് കമ്മീഷനാണു് ഈ പര്യവേക്ഷണത്തിനു് ആഭിമുഖ്യം വഹിച്ചതു്.

പയനീയറിൽനിന്നു ശബ്ദതരംഗങ്ങൾ അയച്ചു് നടത്തിയ പരീക്ഷണങ്ങളെ [സൗണ്ടിംഗ്] അടിസ്ഥാനമാക്കി, ഈ താഴ്വരയുടെ സ്ഥാനം ആന്തമാൻ-നിക്കോബാർ ദ്വീപുകാംക്കു് സമാന്തരമായിട്ടാണെന്നു് അമേരിക്കൻ ശാസ്ത്രജ്ഞന്മാർ നിർണ്ണയിച്ചു. നാർക്കോണ്ടം ദ്വീപിൽനിന്നു് ബ്രഹ്മായിലെ ഐരാവതി നദീതാഴ്വരയിലേക്കു് ഉടനടനങ്ങാവും എന്നും അവർ വിശ്വസിക്കുന്നു. ഈ താഴ്വരയിൽ അരമൈലിലധികം ചെളിയും ചേറും നിറഞ്ഞുകിടക്കുകയാണെന്നു് ശാസ്ത്രജ്ഞന്മാർ റിപ്പോർട്ടുചെയ്തു.

മേയിലുണ്ടായ വിള്ളലിന്റെ ഫലമായാണു് ഈ താഴ്വര ഉണ്ടായിട്ടുള്ളതു് അറേബ്യൻകടൽ മഹാസമുദ്രത്തിന്റെ മധ്യത്തിലുള്ളപർവ്വതനിരയിൽനിന്നു തുടങ്ങുന്ന താഴ്വരയോടു് സമാനമായിട്ടുള്ളതാണു് ആന്തമാൻ സമുദ്രത്തിലെ ഈ താഴ്വരയും. അഗ്നിപർവ്വതങ്ങാം സജീവമാകുമ്പോാം ഭൂമിയുടെ ഉപരിഭാഗം മേലോട്ടു് ഉയരുകയും അതു് തണുത്തു് താഴ്ന്നുപോകുമ്പോാം വിള്ളലുണ്ടാകുകയും ചെയ്യുന്നതിന്റെ ഫലമായാണു് ഈ താഴ്വരകളുണ്ടാകുന്നതു്.

സമുദ്രത്തിന്റെ അടിത്തട്ടിൽ അടിഞ്ഞുകിടക്കുന്ന കീടങ്ങളിൽ കൂടി ഭൂമിയുടെ ചോകാൻ കഴിയുന്ന ശബ്ദതരംഗങ്ങാം അയച്ചുവിട്ടാണു് 'പയനീയറി'ലുള്ള ശാസ്ത്രജ്ഞർ പഠനം നടത്തിയതു്. ഭൂമിയുടെ ഉപരിതലത്തിനു് കീഴിലുള്ള പാറത്തട്ടുകളിൽ കൂടി ഈ ശബ്ദതരംഗങ്ങാം തിരിച്ചുവരുന്നതിന്റെ രീതിയിൽ നിന്നു് താഴ്വരയുടെ ആഴവും സ്ഥാനവും നിർണ്ണയിക്കുന്നു. ഈ ശബ്ദതരംഗങ്ങാം കടലാസിൽ ദൃശ്യരൂപങ്ങളായി മാറുമ്പോാം, അതു് മലയിടുക്കിന്റെ ചിത്രങ്ങളുടെ ഫോട്ടോ എടുത്തുപോലിരിക്കും.

ആന്തമാൻ സമുദ്രത്തിലെ താഴ്വരയ്ക്കു് 20 മൈൽ മുതൽ 25മൈൽ വരെ വീതിയുണ്ടു്. ഏറ്റവും കൂടിയ ആഴം ഏകദേശം മൂന്നുമൈലും താഴ്വരയുടെ ഇരുവശത്തും പല പർവ്വതശിഖരങ്ങളുണ്ടു്. ഇവയിൽ ചിലതും ജലനിരപ്പിനു് മുകളിൽ അനേകായിരം അടി വരെ ഉയർന്നുനിൽക്കുന്നു. മറവള്ളവ വെള്ളത്തിനടിയിലാണു്. ചിലതു് ജലപ്പരപ്പിനു് ഒരു മൈൽ വരെ താഴെയാണു്. താഴ്വരയിൽനിന്നു് 12000 അടി പൊങ്ങിനിൽക്കുന്നതാണു് ഏറ്റവും ഉയരം കൂടിയ ശിഖരം. ഇതു് ജലനിരപ്പിൽനിന്നു് 3000 അടി താഴെയാണു്. സുമാത്രയ്ക്കു് തൊട്ടു് വടക്കു് പടിഞ്ഞാറായും നിക്കോബർ ദ്വീപസമൂഹത്തിലെ ഏറ്റവും വടക്കേ അറ്റത്തുള്ള ദ്വീപിൽനിന്നു് 80 മൈൽ കിഴക്കായും ഇതു സ്ഥിതിചെയ്യുന്നു.

.....ം.....

ഷുഗ്സ് സർവ്വീസ് അനുവദിക്കാൻ നിവേദനം

ആളൂർ ഏപ്രിൽ 25

ഗ്രാമീണ കർഷകരുടെ യാത്രാസൌകര്യത്തിനു് വേണ്ടി വെള്ളംപ്പിര ഭാഗത്തുകൂടിയുള്ള എഴുന്നള്ളത്തുപാതയിലൂടെ (പഴയകാലത്തു് കൊച്ചു് മഹാരാജാക്കന്മാരുടെ യാത്ര ഈ വഴിക്കായിരുന്നു) ചാലക്കുടിക്ക് ഒരു ബസ്സ് സർവ്വീസ് ആരംഭിക്കുവാനും തൃശ്ശൂർനിന്നും ആളൂർകൂടി കുഴിക്കാട്ടുശ്ശേരിക്കോട്ടയ്ക്കു് കാടിക്കൊണ്ടിരുന്നതും ഇപ്പോാം നിർത്തിയിരിക്കുന്നതുമായ ടാൻസ്പോർട്ടു് സർവ്വീസും തൽക്കാലികപെർമിറിന്മേൽ കൂടിയിരുന്ന വെള്ളിക്കുളങ്ങര-കുഴിക്കാട്ടുശ്ശേരി സർവ്വീസും പുനരാരംഭിക്കുവാനും മാറം ആവശ്യപ്പെട്ടുകൊണ്ടുള്ള ഒരു മെമ്മോറാണ്ടം ബസ്സ് പാസ്സഞ്ചേഴ്സ് അസോസിയേഷൻവൈസിഡൻണ്ടു് ഏ. സി. റപ്പായി ടാൻസ്പോർട്ടു് കോർപ്പറേഷൻ ചെയർമാനു് അയച്ചുകൊടുത്തിരിക്കുന്നു. ഇതിനുവേണ്ടി ജില്ലാ കലക്ടരേയും റിജിനൽ ടാൻസ്പോർട്ടു് കാഫീസ്സരേയും നേരിട്ടു കണ്ടു് നിവേദനം നടത്തുകയുണ്ടായെന്നും അറിയുന്നു.

(സ്വ. ലേ)

ലോറി മറിഞ്ഞു് രണ്ടുപേർ മരിച്ചു

പാലാ, ഏ. 25

ഇന്നു വൈകുന്നേരത്തെ മഴയെത്തുടർന്നുണ്ടായ ഇടിവെട്ടേറ്റാ അന്ത്യാം ഭാഗത്തു രണ്ടു കൂട്ടികാം മരണമടഞ്ഞിരിക്കുന്നു. ശ്രാമ്പിക്കൽ തൊമ്മന്റെ പുത്രൻ 19 വയസ്സുള്ള അപ്പച്ചനും മുത്തനാട്ടു മണിയുടെ പുത്രി 11 വയസ്സുള്ള ലീലാമ്മയുമാണു മരിച്ചവർ. മഴ തുടങ്ങിയതോടെ മഴ നനയാതിരിക്കാൻ ഓടി മുത്തനാട്ടു വീട്ടിൽ അഭയം തേടി. വരാന്തയിലിരുന്നു ഗൃഹനാഥനുമായി സംസാരിച്ചുകൊണ്ടിരിക്കെയാണു് ഇടിയുണ്ടായതു്. ഇടിമുഴക്കം ഭയങ്കരമായിരുന്നില്ല. കൊള്ളിയാൻ മിന്നി തീപാളുന്നതുപോലെ കാണപ്പെട്ട ഷോക്കേറ്റവരാരായിരുന്ന അപ്പച്ചനും പുതുരിക്കുളിൽ നിന്നിരുന്ന ലീലാമ്മയും നിലംപതിച്ചു. ഉടനെ ഇരുവരെയും ആശുപത്രിയിലെത്തിച്ചെങ്കിലും ഫലമുണ്ടായില്ല.

(സ്വ ലേ)

പോലീസ് മർദ്ദിച്ചുവെന്നു പരാതി

പാലക്കാടു്, ഏ. 25

പുതുപ്പള്ളി തെരുവിലെ സൈയ്താലി എന്നാാം ഭീകരമായ പോലീസ് മർദ്ദനത്തിനിരയായിരിക്കുന്നതായി റിപ്പോർട്ടു ചെയ്യപ്പെടുന്നു. ഒരു കാറിൽ സ്ഥലത്തെ രണ്ടു ഹൈഡ്കോൺസ്റ്റബിാം മാരും അപരിചിതരായ വേറെ രണ്ടുപേരുംകൂടി സൈയ്താലിയുടെ വീട്ടിൽകയറിചെന്നു് വാതിൽ ചവിട്ടിതുറന്നു് അദ്ദേഹത്തെ പുറത്തു വലിച്ചിട്ടു്. മർദ്ദിക്കുകയാണത്രെ ഉണ്ടായതു്.

ഇവർ അസഭ്യങ്ങാം പറയുകയും അയൽ വാസികളെ ഭീഷണിപ്പെടുത്തുകയും ചെയ്തുവത്രേ! മദ്യപിച്ചിരുന്നിലയിലാണു് അവരെ കാണപ്പെട്ടതെന്നും, യൂനിഫോറത്തോടുകൂടിയാണു്അവർ വന്നതെന്നുമുള്ള ആക്ഷേപം നടത്തിയതെന്നുപറയപ്പെടുന്നുണ്ടു്. ഇതിൽ പ്രതിഷേധിച്ചുകൊണ്ടു് സ്ഥലവാസികാം ഒപ്പുശേഖരണം നടത്തി ഒരു ഭീമഹരജി ഡി. എസ്സ്. പി. യ്ക്കും, ഐ. ജി. ക്കും അഡ്വൈസക്കും സമർപ്പിച്ചിട്ടുണ്ടു്.

(സ്വ ലേ)

കള്ളക്കള്ളു് കേസുകാം

എറണാകുളം, ഏ. 26

എറണാകുളം ജില്ലയിലെ മദ്യനിരോധന മേഖലയിൽനിന്നു് ഇക്കഴിഞ്ഞ ഏപ്രിൽ 15-നു- അവസാനിച്ച രണ്ടാഴ്ചക്കാലത്തിനിടയിൽ രണ്ടു മദ്യനിരോധന നിയമലംഘനക്കേസുകാം കണ്ടുപിടിക്കപ്പെട്ടതായി ഡി. എസ്സ്. പി. യുടെ ഒരു റിപ്പോർട്ടിൽ പറയുന്നു.

ഭവനനിർമ്മാണവായ്പ

കൊച്ചി, ഏ. 29

കൊച്ചി സ്വദേശിയായ സി. ബി. പീറർ എന്ന ആാക്ക് കൊച്ചി താലൂക്കിൽ ഒരു വീടു നിർമ്മിക്കുന്നതിനും 3500 രൂപായ്പ അനുവദിച്ചുകൊണ്ടു് ജില്ലാ കളക്ടർ ഉത്തരവുപുറപ്പെടുവിച്ചിരിക്കുന്നു.

—ം—

കാംക്കായി അന്നത്തെ ദിവസം നടന്ന പരീക്ഷക്കു് പകരം ഒരു പുനപരീക്ഷ നടത്തുവാൻ ഗവണ്മെണ്ടു് യൂണിവേഴ്സിറിക്ക് നിർദ്ദേശം നൽകണമെന്നു് നാഷ്നൽ സ്റ്റുഡൻസ് യൂണിയൻ കേരളാ ഗവണ്മെണ്ടിനോടാവശ്യപ്പെടുന്നു.

ചങ്ങനാശ്ശേരി പട്ടണത്തിൽ രൂക്ഷമായ ജലക്ഷാമംകൊണ്ടു് ജനങ്ങാം വലയുന്നു

മുനി: അധികൃതരുടെ അലസനയത്തിൽ അമർഷം

ചങ്ങനാശ്ശേരി, ഏപ്രിൽ 25

ടൌണിന്റെ വിവിധ ഭാഗങ്ങളിൽ കുറച്ചുദിവസങ്ങളായി ജലക്ഷാമം രൂക്ഷമായിക്കൊണ്ടിരിക്കുകയാണെന്നു് റിപ്പോർട്ടു ചെയ്യപ്പെടുന്നു.

എം. സി. റോഡിനു് കിഴക്കുവശമുള്ള ഭാഗങ്ങളിലാണു് ജലക്ഷാമം ഏറ്റവും രൂക്ഷമായി അനുഭവപ്പെടുന്നതു്. വെള്ളത്തിനു് വല്ലാത്ത വില കൊടുക്കേണ്ട ഒരു ഗതികേടു് വന്നിരിക്കുന്നുവെന്നു് പറയുമ്പോാം ക്ഷാമത്തിന്റെ ഗൌരവം മനസ്സിലാക്കാമല്ലോ. ഇവിടത്തെ മുനിസിപ്പാലിറ്റിക്കോ ഗവണ്മെന്റിനോ ഈ കാര്യത്തിൽ ഒന്നും ചെയ്യുവാനില്ലാ എന്നു നില അവലംബിച്ചുകാണുന്നു. ഒരു തരം മൂഗീയതയായി വേണം ഒരു താൻ. ഇവിടത്തെ ജലക്ഷാമം പരിഹരിക്കാൻ ചില പരിപാടികളും പദ്ധതികളും ഉണ്ടാക്കിയെടു് ഇന്നുവരെയും വെളിച്ചം കാണാതെ കിടക്കുന്നു. ചങ്ങനാശ്ശേരിയിൽ വേണ്ടപ്പെട്ട അധികാരികളുടെ ഉദാസീനതയാണു്.

....ം—

ടാൻസ്പോർട്ടുകാരും പോലീസ് ഉദ്യോഗസ്ഥന്മാരും തമ്മിലുള്ള ശീതസമരം

നിരവധി നിരപരാധികളായ വിദ്യാർത്ഥികാംക്ക് പരീക്ഷക്കിരിക്കാൻ കഴിയുന്നില്ലെന്നു് പരാതി

ചങ്ങനാശ്ശേരി, ഏപ്രിൽ 26

കുപ്രസിദ്ധമായ കൊടുങ്ങല്ലൂർ സംഭവത്തിന്റെ പ്രത്യാഘാതമെന്നോണം റോഡ് ടാൻസ്പോർട്ടു് കോപ്പറേഷനിലെ ബസ്സു് ജീവനക്കാരും പോലീസും തമ്മിൽ ഒരു പുതിയ ശീതസമരം ആരംഭിച്ചിരിക്കുന്നതായി ആലപ്പാതികാം ഉയർന്നിരിക്കുന്നു. മുമ്പ് എതു് ആളുകാം വഴിയിൽനിന്നു കൈകാണിച്ചാലും ബസ്സിൽ കൊള്ളാവുന്നതു ആളുകളെ അവർ കയറ്റികൊണ്ടു് പോകുമായിരുന്നു. പ്രത്യേകിച്ചു് വിദ്യാർത്ഥികളെ കയറ്റുന്ന കാര്യത്തിൽ അവർ തല്പരരുമായിരുന്നു. എന്നാൽ കലാശാല പരീക്ഷകാം ഈ കഴിഞ്ഞ 19-ാംനു- ആരംഭിച്ചപ്പോാം ടാൻസ്പോർട്ടുകാർ ഒരു പുതിയ അടവു് ആരംഭിച്ചിരിക്കുകയാണു്. കാവർലോഡിന്റെ പേരിൽ കുറച്ചു് ആളുകളെ മാത്രം കയറ്റിപൊടുപ്പാറിച്ചു് ബസ്സോടിക്കുകയാണു്. ചങ്ങനാശ്ശേരിയുടെ വടക്കുതെക്കു ഭാഗങ്ങളിൽനിന്നു് അനേകം വിദ്യാർത്ഥികാം ചങ്ങനാശ്ശേരിയിലെ എസ്സ്. ബി. അസംഷൽ – എൽ. എസ്സ്. എസ്സ്. എന്നീ 1-ാംഗ്രേഡ് കോളേജുകളിലും ബി. റ്റി. കോളേജിലും പരീക്ഷ എഴുതാൻ വരേണ്ടവരായിട്ടുണ്ടു്. അങ്ങനെ വരേണ്ട വിദ്യാർത്ഥികളെപ്പോലും 'കാവർലോഡി'ന്റെ ഉള്ളകുന്യായം പറഞ്ഞു് കയറ്റികൊണ്ടുവരാൻ അവർ മടികാണിക്കുകയാണു്. ഫുസ്സ്വാവഹമായ ഈ ലോഹബുദ്ധി കരിക്കുലും പൊറുക്കാനാവാത്തതാണു്. പോലീസും ഇത്തരം കാര്യങ്ങാം കണ്ടറിയേണ്ടതാണു്. ബസ്സുകളിലെ തിക്കുതിരക്കും കുറയ്ക്കുന്നതിനായി 'കാവർലോഡു്' നിയന്ത്രണ്ണ അഭികാമ്യമാണു്. അങ്ങനെയൊരു നല്ല കാര്യം ചെയ്യുമ്പോാം ആയിരക്കണക്കിനു് ആളുകളുടെ യാത്രാസൌകര്യംകൂടി കണക്കിലെടുക്കേണ്ടതുണ്ടു്. നിയമപാലിക്കുകയാണെന്ന പേരിൽ പരീക്ഷക്കിരിക്കേണ്ട നിത്യയാത്രക്കാരായ വിദ്യാർത്ഥികളെ ബസ്സിൽ കയറാതിരിക്കുന്നതു് പരീക്ഷകളുമായി കൂട്ടിച്ചെങ്കിലും ബന്ധപ്പെട്ടിട്ടുള്ള ഈ ജീവനക്കാക്കു് ഭൂഷണമാണെന്ന അഭിപ്രായമുണ്ടോ? കാവർലോഡ് ഇല്ലാതാക്കാൻ കൂടുതൽ ബസ്സുകാം ഓടിക്കുകയോ ജീപ്പുകാം വർദ്ധിപ്പിക്കുകയോ വേണം. അല്ലാതെ ഏതാനും പരീക്ഷക്കിരിക്കേണ്ട വിദ്യാർത്ഥികളെ കാവർലോഡ്പ്രശ്നം പറഞ്ഞുകഷ്ടപ്പെടുത്തിക്കരുതു്. അതുപോലെതന്നെ എട്ടുമണിള്ളാ അതിൽകൂടുതലോ ജോലി ജീവനക്കാരേകൊണ്ടു ചെയ്തിക്കേണ്ടതിലേയ്ക്കുള്ള തയ്യാറുകൾ ബസ്സുകാം ഷെഡ്യൂാം സമയങ്ങളിൽപോലും കോട്ടയത്തുനിന്നും മറവും പുറപ്പെടാൻ സാധിക്കുന്നില്ലായെന്നുള്ളതും വളരെ ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ടു്. പോലീസ് വകുപ്പും ടാൻസ്പോർട്ട്കാരുംകൂടി ബലാബലം പരീക്ഷിക്കുന്നതിന്റെ പരിണതഫലം അനുഭവിക്കേണ്ടതു് നിരപരാധികളായ യാത്രക്കാരാണോ? എന്തു ന്യായീകരണങ്ങളുടെ പേരിലായിരുന്നാലും ആയിരക്കണക്കിനു യാത്രക്കാരുടേയും വിദ്യാർത്ഥികളുടേയും സൌകര്യങ്ങളെ പരിഗണിക്കാൻ കോർപ്പറേഷൻ അടിയന്തിരമായി നടപടികാം സ്വീകരിക്കേണ്ടിയിരിക്കുന്നു.

ടാൻ. സമരംമൂലം 2000ത്തോളം വിദ്യാർത്ഥികാംക്കു് പരീക്ഷയെഴുതാൻ കഴിഞ്ഞില്ല

ഏപ്രിൽ 5-ാംനു- നടന്ന പ്രീയൂണിവേഴ്സിറി പരീക്ഷ വീണ്ടും നടത്തണമെന്നു് വിദ്യാർത്ഥിനേതാവു്

ആലപ്പുഴ, ഏ. 26

പ്രീയൂണിവേഴ്സിറി പരീക്ഷ വീണ്ടും നടത്തിക്കൊണ്ടു് ഗവർണർ ഭരണം വിദ്യാർത്ഥികളോടു് നീതി കാണിക്കണമെന്നു് നാഷ്നൽ സ്റ്റുഡൻസ് യൂണിയൻ ജനറൽ സെക്രട്ടറി മി. ടി. ജോജ്ജു് വർഗ്ഗീസ് പുറപ്പെടുവിച്ച ഒരു പ്രസ്താവനയിൽ ആവശ്യപ്പെട്ടിരിക്കുന്നു.

പ്രസ്താവന ഇങ്ങനെ തുടരുന്നു: ഇക്കഴിഞ്ഞ പ്രീയൂണിവേഴ്സിറി നടന്നകൊണ്ടിരിക്കവെ പൊടുന്നനവെ ടാൻസ്പോർട്ടു് സമരവും അതെ തുടർന്നുള്ള ഗതാഗതസ്ഥംഭനവും നിമിത്തം സംസ്ഥാനത്തിന്റെ വിവിധഭാ

പാക് ആക്രമണം നേരിടും

പ്രധാനമന്ത്രി ലാൽബഹദൂർ ശാസ്ത്രിയുടെ പ്രഖ്യാപനം

(പി. ടി. ഐ.) ന്യൂദൽഹി ഏ. 26

അതിർത്തിയിലെ പാക്കിസ്ഥാന്റെ ആക്രമണം ഇന്ത്യ പ്രതിരോധിക്കുമെന്ന് പ്രധാനമന്ത്രി മി. ലാൽബഹദൂർശാസ്ത്രി ഇവിടെവെച്ചു പ്രഖ്യാപിച്ചിരിക്കുന്നു. കാത്മണ്ഡുവിൽനിന്നും തിരിച്ചെത്തിയ ഉടനെ പത്രലേഖകരുമായി സംസാരിക്കുകയായിരുന്നു അദ്ദേഹം.

സിങ്-കച്ച് അതിർത്തിയിലെ സംഭവവികാസങ്ങളും സംബന്ധിച്ചു സംഭാഷണങ്ങൾക്കായി പാക്കിസ്ഥാൻ നേതാക്കൾ അയച്ച നിർദ്ദേശങ്ങളോട് അനുകൂലമായ ഒരു നിലപാട് സ്വീകരിച്ചിട്ടുള്ള ഇന്ത്യയെ ആക്രമിച്ച പാക്കിസ്ഥാന്റെ നടപടിയിൽ പ്രധാനമന്ത്രി ഖേദം പ്രകടിപ്പിച്ചു.

ഇനി നീക്കത്തെ പ്രതിരോധിക്കണം

ഇനി നീക്കം പ്രതിരോധിക്കുകയും തടയുകയും വേണം. നമുക്ക് പ്രയാസമേറിയ ഒരു സാഹചര്യം അഭിമുഖീകരിക്കേണ്ടിവന്നേക്കാം. എന്നാൽ നമുക്ക് വെറുതെ ഇരിക്കുവാൻ സാദ്ധ്യമല്ല. നമ്മുടെ സ്വാതന്ത്ര്യമുപയോഗിച്ച് നമ്മുടെ അതിർത്തി സംരക്ഷിക്കേണ്ടതുണ്ടെന്നും അദ്ദേഹം പറഞ്ഞു. ഈ ഭീഷണിയോട് യുദ്ധം ചെയ്യുവാൻ നാം ഒരുമിച്ചുനില്ക്കും. ഗവണ്മെന്റു അതിനെറ ഉത്തരവാദിത്വം തികച്ചും നിറവേറുകതന്നെ ചെയ്യും.

കാത്മണ്ഡുവിൽനിന്നും ഇവിടെ എത്തിച്ചേർന്ന മി. ശാസ്ത്രിക്ക് വിമാനത്താവളത്തിൽവെച്ച് ഹൃദ്യമായ രീതിയിൽ സ്വീകരണമാണ് നൽകിയത്. ഉപരാഷ്ട്രപതി ഡോ: സക്കീർ ഹുസൈൻ, കാബിനറ്റ്മെമ്പർമാർ, പാർലമെന്റ് അംഗങ്ങൾ തുടങ്ങിയവർ അവിടെ സന്നിഹിതരായിരുന്നു. കച്ച് അതിർത്തിയിലെ സ്ഥിതിഗതികളെപ്പറ്റി മി. ശാസ്ത്രി വിമാനത്താവളത്തിൽവെച്ചതന്നെ സീനിയർ മന്ത്രിമാരുമായി ഹ്രസ്വമായി സംഭാഷണം നടത്തുകയുണ്ടായി. അഭ്യന്തരകാര്യമന്ത്രി മി. നന്ദ, ധനകാര്യമന്ത്രി ടി. ടി. കൃഷ്ണമാചാരി, രാജ്യരക്ഷാമന്ത്രി മി. വൈ. ബി. ചവാൻ, വിദേശകാര്യമന്ത്രി സ്വരൺസിംഗ് എന്നിവർ സംഭാഷണത്തിൽ പങ്കെടുത്തു. പിന്നീട്, സിവിൽ-സൈനിക ഉദ്യോഗസ്ഥന്മാരുമായി അദ്ദേഹം ചർച്ചനടത്തി.

ഈ ആക്രമണം ഗുരുതരമാണ്

തൻെറ നേപ്പാൾ സന്ദർശനം ഉപകാരപ്രദമായിത്തീർന്നുവെന്ന് മി. ശാസ്ത്രി പത്രലേഖകരോട് പറഞ്ഞു. എങ്കിലും സൈന്യമാണ് തനിക്ക് കാണാൻ കഴിഞ്ഞതു്.

പാക്കിസ്ഥാന്റെ സൈനിക കേന്ദ്രീകരണം പ്രധാനമന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരികയും പാക്കിസ്ഥാൻ സ്ഥിതിചെയ്യുന്ന ഇന്നത്തെ സാഹചര്യത്തെപ്പറ്റി അഭിപ്രായം ആരായുകയും ചെയ്തു.

പാക്കിസ്ഥാന്റെ നടപടി വളരെ ഗുരുതരമായ ഒരു സ്ഥിതിഗതിയാണ് ഉളവാക്കിയിരിക്കുന്നതെന്ന് മി. ശാസ്ത്രി പറഞ്ഞു. ഇന്ത്യാഗവണ്മെന്റിനു് അതുനേരിടേണ്ടതുണ്ടു്. പാക്കിസ്ഥാനും ചൈനയും സഹകരിച്ചിരിക്കുന്ന തന്ത്രങ്ങളും തമ്മിലുള്ള സാദൃശ്യത്തിന്റെ വെളിച്ചത്തിൽ ഇന്ത്യയ്ക്കെതിരായി പാക്കിസ്ഥാനും ചൈനയും ഒരു സംയുക്തനീക്കമാണൊ നടത്തുന്നതെന്ന് ഒരു പത്രലേഖകൻ ചോദിച്ചു.

ശാസ്ത്രി ഇങ്ങനെ പറഞ്ഞു:

പാക്കിസ്ഥാനും ചൈനയും അന്യോന്യം കൂടിക്കാഴ്ചകളും നടത്തുന്നുണ്ടു്. ഇവ്വിടെയാണു്, ചൈനയിലേക്കുള്ള അയൂബ്ഖാന്റെ സന്ദർശനം നടന്നതു്.

ആംഗ്ലോ-അമേ. സൌഹൃദം നേടുന്നതിനെക്കുറിച്ചു് ഉദ്ദേശമില്ല.

പാക്കിസ്ഥാനെ പ്രതിരോധിക്കുന്നതിനായി ആംഗ്ലോ-അമേരിക്കൻ രാജ്യങ്ങളുടെ സൌഹൃദം ഇന്ത്യാഗവണ്മെന്റു് തേടുമോ എന്നു് ഒരു പത്രലേഖകൻ ചോദിച്ചതിനു് ഇപ്പോൾ തനിക്കു് അത്തരം ബന്ധപ്പെടുത്തിയുള്ള ഉദ്ദേശവുമില്ലെന്നു് ശാസ്ത്രി മറുപടിനൽകി.

കച്ചു് അതിർത്തിയിലെ സംഭവവികാസങ്ങളും സംബന്ധിച്ച ചില വാർത്തകളും തനിക്കു ഇന്നലെരാത്രി നേപ്പാളിൽവച്ചു ലഭിക്കുകയുണ്ടായി. എന്നാൽ ഒടുവിലത്തെ നില ഇനിയും അറിയേണ്ടതായതിനാലിരിക്കുന്നതു്. എന്തെങ്കിലും കൂടുതൽ അഭിപ്രായങ്ങളും പ്രകടിപ്പിക്കുന്നതിനുമുമ്പു് സ്ഥിതിഗതികളെപ്പറ്റി പൂർണ്ണമായും ഗ്രഹിക്കുവാൻ താനാഗ്രഹിക്കുന്നുവെന്നും ശാസ്ത്രി പറഞ്ഞു.

നേപ്പാൾ സന്ദർശനത്തെ പരാമർശിച്ചുകൊണ്ടു്, സംഭാഷണങ്ങളിൽ താൻ സംതൃപ്തനാണെന്നു് ശാസ്ത്രി പറഞ്ഞു. നേപ്പാളിനും ഇന്ത്യക്കും ലോകപ്രശ്നങ്ങളെ സംബന്ധിച്ചു് ഒരു പൊതുവീക്ഷണമാണുള്ളതു്.

നേപ്പാൾ വീണ്ടും സന്ദർശിക്കുവാൻ അദ്ദേഹത്തിനു സന്തോഷമുണ്ടു്. രണ്ടു വർഷത്തിനുമുമ്പു് താൻ നേപ്പാൾ സന്ദർശിച്ചതിൽനിന്നു് തികച്ചും വ്യത്യസ്തമായ ഒരു സ്ഥിതിഗതിയായാണു് ഇപ്പോൾ അവിടെയുള്ളതെന്നദ്ദേഹം പറഞ്ഞു.

കൊളംബോ നിർദ്ദേശങ്ങൾ സ്വീകരിക്കട്ടെ

കാത്മണ്ഡു, ഏ. 25

അതിർത്തിത്തർക്കങ്ങളെപ്പറ്റി സംഭാഷണം നടത്തുന്നതിനുള്ള ഏക അടിസ്ഥാനം സൈന കൊളമ്പോനിർദ്ദേശങ്ങളെ അംഗീകരിക്കലാണെന്നു് പ്രധാനമന്ത്രി ശാസ്ത്രി ഇവിടെ ഒരു പത്രസമ്മേളനത്തിൽ പറഞ്ഞു.

മഹേന്ദ്രരാജാവുമായി താൻ ഇന്ത്യാ-ചൈനാ അതിർത്തിത്തർക്കത്തെപ്പറ്റി പൊതുവായി ചർച്ചചെയ്തുകയുണ്ടായി. ഈ തർക്കത്തിൽ മദ്ധ്യസ്ഥം വഹിക്കാമെന്ന നേപ്പാൾ വിദേശകാര്യമന്ത്രിയുടെ ഓഫറിനെപ്പറ്റിയുള്ള ഒരു ചോദ്യത്തിനു് ഇക്കാര്യം അദ്ദേഹം എന്നോടു് സൂചിപ്പിച്ചില്ലെന്നാണു് ശാസ്ത്രി പറഞ്ഞതു്. ഇന്ത്യ ചെയ്തുപോലെ കൊളമ്പോനിർദ്ദേശങ്ങളെ ചൈന അംഗീകരിക്കണമെന്നാണു് തങ്ങളും ആഗ്രഹിക്കുന്നതെന്നു് ശാസ്ത്രി പ്രസ്താവിച്ചു.

പഞ്ചാബി സുബയ്ക്കുള്ള പ്രക്ഷോഭനം

കോൺ: കൂടാരത്തിൽ കുതികാൽവെട്ടു് മുക്കുമ്പോൾ ഫത്തേസിംഗ് ആരംഭിക്കും

ന്യൂഡൽഹി, ഏ. 25

ഫത്തേസിംഗിന്റെ നേതൃത്വത്തിലുള്ള അകാലിദളം പഞ്ചാബി സുബയ്ക്കുവേണ്ടിയുള്ള സമരം വീണ്ടും ആരംഭിക്കുമെന്നു് വിശ്വസനീയമായിരിയ്ക്കുന്നു. പരിപാടികളും ഏതാണ്ടു പൂർത്തിയായിരിക്കയാണെന്നും സമരം ആരംഭിക്കുന്ന സമയം ഉടൻതന്നെ പ്രഖ്യാപിക്കപ്പെടുമെന്നും ഒരു വക്താവു് വെളിപ്പെടുത്തി.

രണ്ടുകൊല്ലം മുമ്പാണു് പഞ്ചാബി സുബയ്ക്കുവേണ്ടി ഫത്തേസിംഗ് നിരാഹാര സത്യഗ്രഹമാരംഭിച്ചതും പ്രധാനമന്ത്രി നെഹ്രുവിന്റെ ഇടപെടലിനെ തുടർന്നു് അതു നിരുപാധികം പിൻവലിയ്ക്കുകയും ചെയ്തതു്. തെരഞ്ഞെടുപ്പിനുശേഷം ധാരാസിംഗിനെ പഞ്ചാബിൽ പ്രബലനും വിദ്യാസമ്പന്നനുമായ ഒരു നേതാവിനെ മുഖ്യമന്ത്രിയാക്കിക്കൊണ്ടും ഉള്ള നയം മന്ത്രിസഭാ ഗ്രൂപ്പിനെ തികച്ചും അശക്തമാക്കിയിട്ടുള്ള സാഹചര്യം മുതലെടുത്തു് പഞ്ചാബി സുബാവാദം ഉന്നയിക്കുകയെന്നതാണു് അകാലി ദളത്തിന്റെ നയപരിപാടി.

സംസ്ഥാനത്തെ ഈ പുതിയ സംഭവവികാസത്തെപ്പറ്റി പ്രധാനമന്ത്രി ശാസ്ത്രിയെയും കോൺഗ്രസ്സ് പ്രസിഡൻറ് കാമരാജിനെയും കോൺഗ്രസ്സ് വൃത്തങ്ങളും മനസ്സിലാക്കിയിട്ടുണ്ടെന്നാണറിയുന്നതു്. ഈഭീഷണിയെ നേരിടുന്നതിന്റെ ഒരു ഭാഗമെന്നനിലയിൽ കൈറോൺ ഗ്രൂപ്പിനെ അടുപ്പിച്ചുകൊണ്ടുവരാൻ മുഖ്യമന്ത്രി ശ്രമിച്ചുതുടങ്ങിയിരിക്കുന്നുവെന്നറിയുന്നു. [യു. പി.എസ്.]

ബോംബെ വ്യവസായ മന്ത്രി രാജിവയ്ക്കും?

ബോംബെ, ഏ 26

സംസ്ഥാനവ്യവസായമന്ത്രി ശ്രീ ഭീവേ തൽസ്ഥാനം രാജിവച്ച് പ്ലാനിംഗ് കമ്മീഷനംഗമായി ചാജ്ജെടുക്കാനിട യുണ്ടെന്നറിയുന്നു. ആ സ്ഥാനത്തേക്ക് ആരെയെങ്കിലും മന്ത്രിസഭയിലേക്കെടുക്കണ കാര്യത്തിൽ മുഖ്യമന്ത്രിക്ക് താല്പര്യമില്ലെന്നാണ് വിശ്വസിക്കപ്പെടുന്നതു്. മുഖ്യമന്ത്രിതന്നെയായിരിക്കും തല്ക്കാലത്തേയ്ക്കു് ഈ വകുപ്പിന്റെ ചുമതല ഏറെറടുക്കുക.

ബോംബെയിൽ മസൂരി പടരുന്നു

ബോംബെ, ഏ 26

മസൂരിരോഗംമൂലം ഗ്രേറ്റർ ബോംബെയിൽ മരണമടയുന്നവരുടെ സംഖ്യ ഇക്കൊല്ലംക്രമാതീതമായിത്തീർന്നിട്ടുണ്ട്. മുനിസിപ്പൽ അധികൃതക്കു് ഇപ്പോഴും ഈ മഹാമാരിയെ നിയന്ത്രണത്തിൽ കൊണ്ടുവരാൻ കഴിഞ്ഞിട്ടില്ലെന്നള്ളതാണ് സത്യം. മുനിസിപ്പൽ അധികൃതരുടെ അറിവുകൂടാതെ ശവം മറവുചെയ്യുകയും ദഹിപ്പിക്കുകയും ചെയ്യുന്ന ഒട്ടേറെ സ്വകാര്യസ്ഥാപനങ്ങളും നഗരത്തിന്റെ ഹൃദയത്തിൽ സ്ഥിതിചെയ്യുന്നുണ്ടെന്നുള്ളതാണ് ഏറെറവും ഭയനീയമായ കാര്യവസ്തുത. ചരിത്രഗതിയിൽ വളർന്നുകൊണ്ടിരിക്കുന്നബോംബെയുടെ നഗരാധിപതികൊക്ക് തലവേദനയുണ്ടാക്കുന്ന എണ്ണമറ പ്രശ്നങ്ങളിലൊന്നാണിതു്.

....

മരിച്ചുതുതന്നെ

[സ്വ. ലേ.] ചാലക്കുടി ഏ. 26

കൊരട്ടി സ്വദേശിയായ വേലായുധനെന്ന യുവാവിന്റെ മൃതദേഹം മരണം സംശയകരമാണെന്ന തോന്നിയതിനാൽ പോസ്റ്റ്മാർട്ടം നടത്തിയതായി റിപ്പോർട്ട് ചെയ്തിരുന്നവല്ലൊ.

പോസ്റ്റ്മാർട്ടം റിപ്പോർട്ടിൽ മരണം സ്വാഭാവികമായും സംഭവിച്ചതാണെന്നു രേഖപ്പെടുത്തിയിരിക്കുന്നതായറിയുന്നു.

കസവുതുണികൾക്കു യൂറോപ്പിൽ പ്രിയം

വുപ്പർട്ടൽ (ടാട്ട)-യൂറോപ്പിലെ എല്ലാ ഫാഷൻ കേന്ദ്രങ്ങളിലും പില്ലൊ കസവുകൊ, വസ്ത്രങ്ങളിലും സൂട്ടുകളിലും ജാക്കറ്റുകളിലുംഎന്നവേണ്ടാ കളികൊപോം ധരിക്കാവുള്ള വസ്ത്രങ്ങളിൽപോലും വച്ചു് തുന്നിവരുന്നു. യൂറോപ്പിലെഫോഷൻ വസ്ത്രനിർമ്മാതാക്കളും അടുത്തവരുന്ന ശീതകാലത്തെ ഫാഷൻ വസ്ത്രത്തിനെറ സൌന്ദര്യം എന്തായിരിക്കണമെന്നു് തീർച്ചയാക്കികഴിഞ്ഞിരിക്കുന്നു. ഒരു കാലത്തു് കസ്സവു വസ്ത്രങ്ങൾ ഫാഷൻ വസ്ത്രങ്ങളായിരുന്നില്ല. ഇപ്പോൾ അവ യൂറോപ്പിലെ യുവജനങ്ങളുടെ ഫാഷൻ വസ്ത്രങ്ങളായിരിക്കുന്നു.

രാജിവെച്ചവർ ഭൂരിപക്ഷവും കോൺഗ്രസ്സുകാരല്ലെന്നു് പി. ആർ.

(സ്വ പ്ര) തൃശൂർ, ഏ 26

രാജിവെച്ചവരെന്നു പറയുന്നതല്ലാതെ രാജിക്കത്തുകളൊന്നും തനിക്കു കിട്ടിയിട്ടില്ലെന്നു് ഇയ്യിടെ കോൺഗ്രസ്സിൽനിന്നും രാജിവെച്ചു് കേരളാ കോൺഗ്രസിൽ ചേർന്നവരെപ്പറ്റി തൃശൂർ ഡി. സി. സി പ്രസിഡണ്ടു് ശ്രീ പി. ആർ. ഫ്രാൻസിസ് ഒരു പത്രസമ്മേളനത്തിൽ പ്രസ്താവിച്ചിരിക്കുന്നു.

രാജിവെച്ചവരെന്നു പറയപ്പെടുന്നവരിൽ ശ്രീ. എ. ടി. വർഗ്ഗീസ് ഒരു കെ. പി. സി സി. മെമ്പറും ഡി സി. സി. സെക്രട്ടറിയുമായിരുന്നു. വി. പി. ജോസഫ് ഒരു ഡി. സി. സി. മെമ്പറും ഐ. സി വർഗ്ഗീസ് ചേർപ്പ് മണ്ഡലം പ്രസിഡണ്ടും പോരാ പാഴൂർ ഒല്ലൂക്കരെ ണ്ഡലം പ്രസിഡണ്ടും ഡി സി സി മെമ്പറും പി. കെ. നാരായണൻ നോമിനേറേറ ഡ് ഡി.സി.സി.മെമ്പർ വി.എൽ ലോനപ്പൻ കൊടകര നിയോജകമണ്ഡലം സെക്രട്ടറിയും വി. ജെ. തോമസ് വെസ്റ്റ് കോൺ. മണ്ഡലം പ്രസിഡണ്ടും ആയിരുന്നു. ബാക്കിയുള്ളവരും കോൺഗ്രസ്സുമായി യാതൊരു ബന്ധവുമില്ലെന്നും പ്രാഥമികമെമ്പർഷിപ്പുപോലും അവർക്കില്ലെന്നും ഫ്രാൻസിസ് പറഞ്ഞു.

ഇവരിൽ വി ജെ. തോമസ്, വി. പി. ജോസഫ് എന്നിവരുടെ പേരിൽ കോൺ. സ്ഥാനാർത്ഥിക്കെതിരായി പ്രവർത്തിച്ചുവെന്നതിനു് നടപടികളെടുക്കാതിരിക്കാൻ കാരണം ആവശ്യപ്പെട്ടുകൊണ്ടു് നോട്ടീസ് കൊടുത്തിട്ടുണ്ടെന്നും ഡി. സി. സി. പ്രസിഡണ്ടു് പറഞ്ഞു.

ഇന്നലെകൂടിയ ഡി. സി. സി. എക്സിക്യൂട്ടീവ് ഗ്രൂപ്പു പ്രവർത്തനങ്ങളും എല്ലാം അവസാനിപ്പിച്ചു് ഒരൊറ്റ ടീമായി പ്രവർത്തിക്കാനും സംഘടനയെ ശക്തിപ്പെടുത്താനും തീരുമാനിച്ചതായും ഫ്രാൻസിസു് വെളിപ്പെടുത്തി.

രാജിവെച്ചവരെന്നു പറയപ്പെടുന്ന ഔദ്യോഗിക ഭാരവാഹികളിൽ പോരാ ചാർജിനേയും ഐ. സി. വർഗ്ഗീസിനേയും ഒഴിച്ചു് ബാക്കിയുള്ളവരെ സസ്പെൻറ് ചെയ്യുമെന്നും എ. ടി. വർഗ്ഗീസിനെ സസ്പെൻറ് ചെയ്യാൻ ഡി. സി. സി.ക്ക് അധികാരമില്ലാത്തതുകൊണ്ടു് അദ്ദേഹത്തെ സെക്രട്ടറി സ്ഥാനത്തുനിന്നു് നീക്കം ചെയ്യുമെന്നും ഡി. സി. സി. പ്രസിഡണ്ടു് തുടർന്നു പറഞ്ഞു.

കെ. കരുണാകരൻ, വി. കെ. കുമാരൻ, ടി. പി. സീതാരാമൻ, പി. ആർ. കുഞ്ഞൻ, പി. പി. ജോജ്ജ്, സി. ജി. ജോജ്ജ്, ഡേവിഡ് പെരേപ്പാടൻ, സി. സി. ഇസ്മായേൻ, വി. ഗോവിന്ദമേനോൻ, കെ. കെ. ബാലകൃഷ്ണൻ, തോപ്പിൽ വക്കി എന്നിവർ പൊതുസമ്മേളനത്തിൽ സന്നിഹിതരായിരുന്നു

കോളറ മൂലം 4 പേർ മരിച്ചു

ഏലൂർ, ഏ. 21

സമീപപ്രദേശങ്ങളിൽ കോളറമൂലം മൂന്നു നാലുപേർ മരണമടഞ്ഞതായി അറിയാൻ കഴിഞ്ഞിരിക്കുന്നു. ഇക്കഴിഞ്ഞ രണ്ടുമൂന്നാഴ്ചകളായി പത്തിരുപതിലധികംപേർ ഈ രോഗം ബാധിച്ചിട്ടു് ആസ്പത്രിയിലായ അഞ്ചേം പ്രാപിച്ച മടങ്ങുകയും ചെയ്തിട്ടുണ്ടു്. അവസാന വിനാഴികയിൽ വന്നെത്തിയവരിൽ ചിലരാണ് ഈ രോഗത്തിനു വിധേയരായി ചരമമടഞ്ഞതെന്നും അറിയാൻ കഴിഞ്ഞു.

പഞ്ചായത്തടിസ്ഥാനത്തിലുള്ള കത്തിവെപ്പു് 20, 21 തീയതികളിൽ ഇവിടെ വിജയകരമായി നടത്തപ്പെടുകയുണ്ടായി. ആദ്യദിവസംതന്നെ രണ്ടായിരത്തിൽ താഴെ ആളുകൾ കത്തിവെയ്ക്കപ്പെട്ടു. ബാക്കിയുള്ളവർ രണ്ടാംദിവസവും. വരാപ്പുഴ പഞ്ചായത്തിലെ 9, 10 എന്നീ വാർഡുകളാണ് ഇപ്പോൾ ഉദ്ദേശിക്കുന്നതു്. 10-ാം വാർഡ് മെമ്പർ ശ്രീ. എ വി. ആൻറണിയുടെ പരിശ്രമഫലമായി വരാപ്പുഴ ഹെൽത്തു് ഇൻസ്പെക്ടർ ശ്രീ. ധർമ്മരാജനും പാർട്ടിയും പ്രസ്തുത കൃത്യം വളരെ ജാഗ്രതയായി നിർവ്വഹിച്ചതിൽ പഞ്ചായത്തു പൊതുവെ അഭിനന്ദനം അർഹിക്കുന്നു.

തൃശൂർ വാർത്തകൾ

[സ്വ. ലേ.] ഏപ്രിൽ 26

കമ്മ്യൂ. പാർട്ടി യോഗം

ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നയപരിപാടികളും വിശദീകരിക്കാൻ ഏപ്രിൽ 27-ാംതീ- ചൊവ്വാഴ്ച വൈകുന്നേരം 6 മണിക്ക് പടിഞ്ഞാറെ കോട്ടയിൽ ഒരു വമ്പിച്ച പൊതുയോഗം നടത്തപ്പെടുന്നതാണ്. പൊതുയോഗത്തിൽ കെ. എ. ചോരൻ, വി. വി. രാഘവൻ, പി. ടി. പുന്നൂസ്, എന്നിവർ പ്രസംഗിക്കും.

കേരളാ കോൺഗ്രസ്സ്

കേരളാ കോൺഗ്രസ്സ് സംസ്ഥാന സമ്മേളന സ്വാഗതസംഘം കമ്മറിയുടെ പ്രഥമയോഗം സ്റ്റോറ് ഹോട്ടലിൽവെച്ച് ചെയർമാൻ ബി. സി. വർഗ്ഗീസിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന് സമ്മേളനത്തിന്റെ നടത്തിപ്പിനായി വിവിധ സബ്ബ് കമ്മറികൾ രൂപീകരിച്ചിരിക്കുന്നു.

രാജാ രവിവർമ്മയുടെ ജന്മദിനാഘോഷം

കേരള ലളിതകലാ അക്കാദമിയുടെ ആഭിമുഖ്യത്തിൽ രാജാ രവിവർമ്മയുടെ ജന്മദിനവാർഷികം ഏപ്രിൽ 29-ന് ടൌൺഹാളിൽവെച്ച് ആഘോഷിക്കപ്പെടുന്നതാണ്. തദവസരത്തിൽ രാജാ രവിവർമ്മ, രാമവർമ്മരാജ, ഹസ്സൻമരിക്കാർ എന്നിവരുടെ ചരിത്രപ്രധാനങ്ങളായ ചിത്രങ്ങൾ പ്രദർശിപ്പിക്കുന്നതാണ്. 'മാതൃഭൂമി' പത്രാധിപർ കെ. പി. കേശവമേനോൻ യോഗത്തിൽ അദ്ധ്യക്ഷത വഹിക്കും.

മ്യൂസിക് സ്റ്റാൾ

തൃശൂർ എസ്. ആർ. വി. മ്യൂസിക്ക് സ്റ്റാളിൽ 4 കൊല്ലത്തെ സീനിയർ സർട്ടിഫിക്കറ്റ് കോഴ്സിനോ ചേർന്നു പഠിക്കുവാൻ ആഗ്രഹിക്കുന്നവർ അവരുടെ അപേക്ഷകൾ നിശ്ചിത ഫാറത്തിൽ പൂരിപ്പിച്ചു് 1965 മേയ്മാസം 25-ാം തീയതിക്ക് മുമ്പായി തൃശൂർ മോഡൽ ഗേൾസ് ഹൈസ്കൂൾ ഹെഡ്മിസ്ട്രസ്സിനു് എത്തിക്കേണ്ടതാണെന്നു് അറിയിച്ചിരിക്കുന്നു.

കരുവന്നൂർ മേഖയിലെ ഓട്ടുകമ്പനി തൊഴിലാളികൾ സമരത്തിലേക്കു്

[സ്വ. ലേ] മൂർക്കനാട്, ഏ. 24

ഏപ്രിൽ 1-മുതൽ കേരള ഗവണ്മെണ്ടു് നടപ്പിലാക്കിയ പുതുക്കിയ മിനിമം വേജസ് കമ്പനി ഉടമകൾ ഇതുവരേയും നടപ്പാക്കാത്തതുകൊണ്ടു് കരുവന്നൂർ മേഖലയിൽപെട്ട ഓട്ടുകമ്പനി തൊഴിലാളികൾ പണിമുടക്കാൻ തീരുമാനിച്ചിരിക്കുന്നു. തൊഴിലാളികൾ കമ്പനി ഉടമകൾക്ക് പണിമുടക്ക് നോട്ടീസ് നല്കിക്കഴിഞ്ഞിട്ടുണ്ടു്.

2500 തൊഴിലാളികൾ പണിമുടക്കിലേയ്ക്കു്

പെരുമ്പാവൂർ, ഏ. 25

ശബരിഗിരി പ്രോജക്ടിലെ കക്കി ഡാം, ടണൽ എന്നിവയുടെ കോൺട്രാക്ട് എടുത്തിരിക്കുന്ന ഹിന്ദുസ്ഥാൻ കൺസ്ട്രക്ഷൻ കമ്പനിയിലെ 2500 ഓളം വിഭാഗ തൊഴിലാളികൾക്കുവേണ്ടി ശബരിഗിരി പ്രോജക്ട് കൺസ്ട്രക്ഷൻ എംപ്ലോയിസ് യൂണിയൻ ഉന്നയിച്ചിട്ടുള്ള അടിയന്തിരാവശ്യങ്ങളെപ്പറ്റി ചർച്ചചെയ്യുവാൻ ലേബർ കമ്മീഷ്ണർ ഒരു ഫൈലവൽ കോൺഫറൻസ് വിളിച്ചിരിക്കുന്നു.

21-4-65ൽ തൊഴിലാളികൾ നടത്തുവാനിരുന്ന സൂചനാപണിമുടക്ക് ലേബർ കമ്മീഷ്ണറുടെ അഭ്യർത്ഥനയെ ആദരിച്ച മാറിവച്ചിരിക്കുകയാണ്. 26-4-65ലെ കോൺഫറൻസിലും തൊഴിലാളികളുടെ ന്യായമായ ആവശ്യങ്ങൾ അംഗീകരിക്കുവാൻ കമ്പനി അധികൃതർ കൂട്ടാക്കാത്തപക്ഷം 29-4-65 മുതൽ തൊഴിലാളികൾ അനിശ്ചിതകാലത്തേയ്ക്ക് പണിമുടക്കുന്നതാണെന്ന് യൂണിയൻ ജനറൽ സെക്രട്ടറി എൻ. നടരാജപിള്ള ഒരു പ്രസ്താവനയിൽ പറയുന്നു.

സിലബസിലില്ലാത്തപാഠപുസ്തകത്തിൽനിന്നു് പരീക്ഷയ്ക്കു് ചോദ്യം

[സ്വ ലേ] മൂർക്കനാട്, ഏ. 24

ഏപ്രിൽ 21-ാംതീ- നടന്ന മലയാളം വിദ്വാൻ ഫൈനൽ പരീക്ഷയ്ക്കു് പഠിക്കുവാൻ നിർദ്ദേശിച്ചിട്ടില്ലാത്ത പുസ്തകത്തിൽനിന്നു ചോദ്യം ഉണ്ടായതായി പരാതി ഉയർന്നിരിക്കുന്നു. അതുകൊണ്ടു് വിദ്യാർത്ഥികളാകെ നന്നേ വിഷമിക്കുകയുണ്ടായത്രേ! 'കാളിദാസന്റെ നാടകത്രയം' എന്ന പുസ്തകത്തിൽനിന്നായിരുന്നു ചോദ്യം. എന്നാൽ അങ്ങനെയൊരു പുസ്തകം പരീക്ഷയ്ക്കു് പഠിക്കാനായി നിർദ്ദേശിച്ചിരുന്നില്ല. ഇതുമൂലം 16 മാർക്ക് നഷ്ടപ്പെടുമത്രെ.

....

എക്സ്-സർവ്വീസുകാരെ സെറിമോണിയൽ പരേഡുകളിലേക്കു ക്ഷണിക്കും

ന്യൂദൽഹി, ഏപ്രിൽ 25

എക്സ്-സർവ്വീസുകാരെ, പ്രത്യേകിച്ചും സൈനിക അവാർഡുകൾ മെഡലുകൾ തുടങ്ങിയവ ലഭിച്ചിട്ടുള്ളവരേയും മറവുവിധത്തിൽ ധീരതയ്ക്കു പ്രശസ്തിയാർജ്ജിച്ചവരെയും, സംസ്ഥാനഗവണ്മെണ്ടു് സംഘടിപ്പിക്കുന്ന സെറിമോണിയൽ പരേഡുകളിലേക്കും മറവു പരേഡുകളിലേക്കും ക്ഷണിക്കേണ്ടതാണെന്നു ഉത്തരപ്രദേശ് ഗവണ്മെണ്ടു് തീരുമാനിച്ചിരിക്കുന്നു.

പഞ്ചാബിൽ നാലു് മുഖ്യമന്ത്രിമാർ വാഴുന്നു

കോൺഗ്രസ്സിലെ കോഴിപോര് മൂർദ്ധന്യത്തിൽ- വക്കാണങ്ങളെപ്പറ്റി അന്വേഷണം നടത്താൻ സ്വരൺസിങ്ങിനെ അയയ്ക്കുന്നതെന്നു് കോൺ: അംഗങ്ങളും

ചാണ്ടിഗഢ്, ഏ. 26

പഞ്ചാബിലെ കോൺഗ്രസ്സ് പാർട്ടിയുടെ തെരുപ്പിടിക്കുന്ന പ്രവർത്തനങ്ങളിൽ കഴിഞ്ഞദിവസം ചേർന്ന കോൺഗ്രസ്സ് നിയമസഭാപാർട്ടി യോഗത്തിൽ പല മെമ്പർമാരും അഗാധമായ അസംതൃപ്തി പ്രകടിപ്പിക്കുകയുണ്ടായി.

ഈ സ്ഥിതി തുടരുകയാണെങ്കിൽ താൻ പാർട്ടി വിടുമെന്നു ഒരു സീനിയർ മെമ്പറായ മി. ബാബുദയാൽ പറഞ്ഞു.

ഈ നില തുടർന്നാൽ അടുത്ത പൊതുതിരഞ്ഞെടുപ്പോടെ പഞ്ചാബിൽ കോൺഗ്രസ്സിന്റെ കഥകഴിയും എന്നു മറെറാരു സീനിയർ മെമ്പറും ഡെപ്യൂട്ടി സ്പീക്കറുമായ മിസ്സിസ് ഷന്നോദേവി പ്രസ്താവിച്ചു.

മൂന്നു സീനിയർ മന്ത്രിമാർ മുഖ്യമന്ത്രിമാരെപ്പോലെയാണ് പെരുമാറുന്നതെന്നും ഇത് പാർട്ടിയിലും ഭരണത്തിലും വലിയ കുഴപ്പമുണ്ടാക്കുന്നുണ്ടെന്നും എല്ലാവരും ഒരൊറ്റ മുഖ്യമന്ത്രിയുടെകീഴിൽ പ്രവർത്തിക്കണമെന്നും അവർ പറഞ്ഞു.

കഴിഞ്ഞ 25 കൊല്ലത്തെ തന്റെ നിയമസഭാജീവിതത്തിൽ വിധാൻസഭയിൽ ഇത്തരത്തിലുള്ള ലജ്ജാവഹങ്ങളായ രംഗവിഭങ്ങൾ താൻ കരികില്ലും കണ്ടിട്ടില്ലെന്നു മിസ്സിസ് ദേവി പറഞ്ഞു.

പഞ്ചാബിലെ മന്ത്രിസഭയുടെയും കോൺഗ്രസ്സിന്റെയും പ്രവർത്തനങ്ങളെപ്പറ്റി സൂക്ഷ്മമായി അന്വേഷണം നടത്താൻ മി. സ്വരൺസിങ്ങല്ലാത്ത മറെറാരു തെങ്കിലും പ്രതിനിധിയെ അയക്കണമെന്നു അവർ കോൺഗ്രസ്സ് പ്രസിഡണ്ടിനോടും പ്രധാനമന്ത്രിയോടും ആഭ്യന്തരമന്ത്രിയോടും അഭ്യർത്ഥിച്ചു.

സഭയിൽ സ്പീക്കറെ അവിശ്വാസം രേഖപ്പെടുത്തിയതിനെ സംബന്ധിച്ച മിസ്സിസ് ദേവി തുടർന്നു കാരണം പറയാൻ തുടങ്ങിയപ്പോൾ മുഖ്യമന്ത്രി അവരെ തടഞ്ഞു. മുഖ്യമന്ത്രിയും മന്ത്രിമാരും പ്രതിപക്ഷക്കാരുടെ കാലുപിടിക്കാൻ നടക്കുകയാണെന്നു തെല്ല് ക്ഷോഭത്തോടുകൂടിത്തന്നെ മിസ്സിസ് ദേവി പറഞ്ഞു.

സഭയിലെയും പാർട്ടിയിലെയും ഈ ദുരവസ്ഥ അവസാനിപ്പിക്കണമെന്നു മുൻസ്പീക്കർ ഗ്രുരുദയാൽസിങ്ങും പറഞ്ഞു.

കഴിഞ്ഞ യോഗത്തിന്റെ മിനുട്സ് ശരിയല്ലെന്നും അതു പാസ്സാക്കരുതെന്നും യോഗാരംഭത്തിൽ മി. ഹാപാരിലാൽ പറയുകയുണ്ടായി. പാർട്ടി ഭാരവാഹികളെ നോമിനേറ് ചെയ്യാൻ ആ യോഗം ലീഡറെ അധികാ